ബഥാന്യയിലേക്ക് ഒരു തീർത്ഥയാത്ര

ആബോ യൂഹാനോൻ
ഒ.ഐ.സി.

ബഥാന്യയിലേക്ക് ഒരു തീർത്ഥയാത്ര

+ Yo Rawan. O.I.C.
24. 9. 1977.

ആബോ യൂഹാനോൻ ഒ. ഐ. സി.

പ്രസാധകർ
ബഥനി പബ്ലിക്കേഷൻസ്.

(Malayalam)
Bethanniyailekku Oru Theerthayathra
Meditations
By Abo Yohannan O. I. C.
First Published: June 1977.
Printed at: Nalathra Printers, Kottayam.
Price Rs. 2.00
Copyright:
Bethany Ashram, R-Perunad.
Publishers:
Bethany Publications, R-Perunad, Pathanamthitta,
Kerala State, S. India.

സമർപ്പണം

എന്റെ ആത്മഗുരുവും പുണ്യപിതാവും
ആയ മാർ തേവോദോസ്യോസ്
തിരുമേനിയുടെ പാവനസ്മരണയ്ക്കായി
ഈ പുസ്തകം സമർപ്പിച്ചുകൊള്ളുന്നു.

അവതാരിക

അസ്വസ്ഥതകളുടെ ഈ കാലഘട്ടത്തിൽ മനുഷ്യാത്മാവിനു് ആത്മവിശ്രാന്തിയരുളുവാൻ ധ്യാനം മാത്രമാണു പരമോത്തമമായ മാർഗ്ഗം. ഭൗതിക വിജ്ഞാനത്തിൻെറ ബാഹ്യപ്രഭയിൽ ചകിതരായി കഴിയുന്ന ആധുനിക മനുഷ്യനു നിതാന്തമായ സംതൃപ്തിയും സുദൃഢമായ വിശ്വാസവും കൈവരുത്തുവാനും ധ്യാനം ശ്രേഷ്ഠമായ ഒരുപാധിയാണു്. ധ്യാനത്തിൻെറ ഫലപ്രാപ്തി ഒരളവുവരെ ധന്യരായ ധ്യാനഗുരുക്കളെയും ഉൽകൃഷ്ടങ്ങളായ ധ്യാനഗ്രന്ഥങ്ങളെയും ആശ്രയിച്ചാണിരിക്കുന്നതു്. ഇംഗ്ളീഷിലും മററു പാശ്ചാത്യ ഭാഷകളിലും ധ്യാനത്തിനുപയുക്തങ്ങളായ ഒട്ടനവധി ഗ്രന്ഥങ്ങളുണ്ടു്. മലയാളത്തിൽ ഈ ഗണത്തിൽപ്പെട്ട കൃതികൾ നന്നേ ചുരുക്കമാണു്. ബഥാന്യയിലേയ്ക്കു് ഒരു തീർത്ഥയാത്ര എന്ന ഈ ലഘുഗ്രന്ഥംവഴി ആ കുറവു പരിഹരിക്കുവാനാണു നമുക്കു പ്രിയപ്പെട്ട ബഥനി ആശ്രമ പിതാവു് ആബോ യോഹന്നാൻ ഒ. ഐ. സി. ശ്രമിച്ചിട്ടുള്ളതു്.

ഇതിൻെറ ഗ്രന്ഥകാരനായ ആബോ യോഹന്നാൻ ഒ. ഐ. സി. പാരമ്പര്യമായിത്തന്നെ നമ്മുടെ സഭയോടു് അത്യധികമായ കൂറും ബഹുമാനവും ഉള്ള പരിപക്വമതിയായ ഒരു സഭാസ്നേഹിയാണു്. ആബൂൻ മാർ ഈവാനിയോസ് നമ്മുടെ സഭയെവിട്ടു് റീത്തിൽ ചേർന്നപ്പോൾ അന്നു് ബഥനിമഠത്തിലുണ്ടായിരുന്ന അന്തേവാസികളിൽ ഒരു നല്ല വിഭാഗം ആബൂനോടൊപ്പം റീത്തുപ്രസ്ഥാനം സ്വീകരിച്ചു. തുടന്നു നമ്മുടെ സഭാവിശ്വാസത്തിൽത്തന്നെ ഉറച്ചുനിന്ന

വരേയും പിന്നീട്ടചേൎന്നവരെയുംകൂട്ടി തേവോദോസ്യോസ് ആബൂൻ രൂപംകൊടുത്ത ബഥനി ആശ്രമത്തിൻെറ സൽഫലങ്ങളിൽ ഏററവും ശ്രദ്ധേയനാണ് ആബോ യോഹന്നാൻ. അദ്ദേഹത്തിൻെറ പിതാവിനെയും പിതാമഹനെയും കുടുംബാംഗങ്ങളിൽ പലരെയും നമുക്കു നേരിൽ പരിചയമുണ്ട്. അവരെല്ലാവരും സഭാകാര്യങ്ങളിൽ താല്പര്യമുള്ളവരും തീഷ്ണതയുള്ളവരും ശാന്തന്മാരും ആണ്. അങ്ങനെ അനുഗ്രഹീതമായ ഒരു കുടുംബ പശ്ചാത്തലത്താൽ അദ്ദേഹം ധന്യനാണ്. പാശ്ചാത്യനാട്ടകളിലും പ്രത്യേകിച്ച് ഇംഗ്ളണ്ടിലും വിശുദ്ധ നാട്ടകളിലും അനേകം ആശ്രമങ്ങളിൽ ശ്രേഷ്ഠമായ പരിശീലനംനേടാനും ധാരാളം ദേവാലയങ്ങളിലും വിദ്യാസ്ഥാപനങ്ങളിലും ആശ്രമങ്ങളിലും ധ്യാനയോഗങ്ങൾ നടത്താനും ഈ ലഘുകൃതിയുടെ കൎത്താവിനു് അവസരം ലഭിച്ചിട്ടുണ്ട്. അപ്രകാരം ലഭിച്ചിട്ടുള്ള അനുഭവജ്ഞാനത്തിൻെറയും ചിന്തയുടെയും സൽഫലംകൂടിയാണ് ഈ ലഘു ധ്യാനകൃതി.

പലസ്തീനിലെ 'ബഥനി' ഒലിവുമലയുടെ താഴ്വരയിൽ സ്ഥിതിചെയ്യുന്ന ഒരു കൊച്ചു ഗ്രാമമാണ്. 1908-ൽ ഞങ്ങൾ അവിടം സന്ദൎശിക്കുമ്പോൾ അവിടെ പള്ളിയോ ആശ്രമങ്ങളോ വീട്ടകളോ ഇല്ലായിരുന്നു. എങ്കിലും ചില സഭക്കാർ അവിടെ കുൎബാന അനുഷ്ഠിക്കുന്നുണ്ട് എന്നു ഞങ്ങൾ മനസ്സിലാക്കി. അവിടെ അടുത്തുതന്നെയാണു നമ്മുടെ കൎത്താവിൻെറ സ്വൎഗ്ഗാരോഹണസ്ഥലവും. അങ്ങനെ ബഥാന്യ ക്രിസ്ത്യാനികളുടെ ഒരു പുണ്യ സങ്കേതമായിത്തീൎന്നിരിക്കുന്നു. ഗ്രന്ഥകാരൻെറ ഭാഷയിൽ പറഞ്ഞാൽ യേശുനാഥനെ സ്നേഹിക്കുന്നവൎക്കു് കുളുൎമ്മയും ചൈതന്യവും ശാന്തിയും ശക്തിയും അരുളുന്ന പ്രചോദനകേന്ദ്രമാണു ബഥാന്യ. യേശുവിനോടൊത്തു ബഥാന്യയിലേക്കു്

നമ്മെയും ഒരു തീർത്ഥയാത്ര നടത്തിക്കുകയാണ് ഈ ചെറിയ ഗ്രന്ഥത്തിലൂടെ തൽകർത്താവ് ചെയ്തിട്ടുള്ളത്.

ഈ ലഘുഗ്രന്ഥത്തിൽ ബഥാന്യയ്ക്ക് പുതിയ ഒരു വിശദീകരണവും വ്യാഖ്യാനവും ഗ്രന്ഥകർത്താവു നല്കിയിട്ടുള്ളതു വളരെ ശ്രദ്ധേയമായിട്ടുണ്ട്. "മനുഷ്യൻതന്നെ ഒരു ബഥാന്യയാണ്. ഒരു മനുഷ്യനിൽ മൂന്നു സംഗതികൾ ഉൾക്കൊള്ളുന്നു. പ്രവർത്തിക്കുന്ന ശരീരം; ചിന്തിക്കുന്ന മനസ്സ്; അവൻെറ ആത്മാവ്. ബഥാന്യയിലെ മൂന്നംഗങ്ങൾ (മാർത്ത, മറിയ, ലാസർ) ഇവ മൂന്നിനേയും പ്രതിനിധാനം ചെയ്യുന്നു". ഇപ്രകാരം ഉൽകൃഷ്ടങ്ങളായ നൂതനചിന്തകൾ ഈ ഗ്രന്ഥത്തിൻെറ അഴകും ഈടും പ്രാധാന്യവും വർദ്ധിപ്പിക്കുന്നു.

ലളിതവും സുന്ദരവുമായ ഭാഷാരീതിയും ഈ ഗ്രന്ഥത്തിൻെറ വൈശിഷ്ട്യം വർദ്ധിപ്പിക്കുന്നുണ്ട്. മലയാളത്തിലെ അത്യുത്തമ ധ്യാനഗ്രന്ഥങ്ങളിൽ ഒന്നായ ഈ ലഘുകൃതി സസന്തോഷം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

മാർ ഈവാനിയോസ് മെത്രാപ്പോലീത്താ
(ഒപ്പ്)

പാമ്പാടി,
15–6–'77

രണ്ടു വാക്കു്

മലങ്കരസഭ, ഓർത്തഡോക്സ് യൂത്ത് തുടങ്ങിയ സഭാ മാസികകളിൽ ചിതറിക്കിടന്ന ഏതാനും ധ്യാനലേഖനങ്ങളുടെ സമാഹാരമാണ് ഈ കൃതി. പലപ്പോഴായി എഴുതിയിട്ടുള്ള ധ്യാനലേഖനങ്ങൾ വിഷയബന്ധം ആധാരമാക്കി സമാഹരിച്ചു പ്രസിദ്ധീകരിക്കാനുള്ള ഒരു സംരംഭത്തിനു് ഈ ഗ്രന്ഥത്തിലൂടെ തുടക്കം കുറിക്കുകയാണു്.

യുവജനപ്രസ്ഥാനം, വിദ്യാർത്ഥിപ്രസ്ഥാനം, മർത്തമറിയം സമാജം തുടങ്ങി സഭയിലെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾക്കും, സംഘടനകൾക്കും ഇതുപോലുള്ള ധ്യാനകൃതികൾ സഹായകമാവും എന്ന പ്രത്യാശയാണു് ഈ സംരംഭത്തിനു ഞങ്ങൾക്കു് പ്രചോദനമരുളുന്നതു്.

ബഥനിയുടെ വിസിററിംഗ് ബിഷപ്പും വഴികാട്ടിയും ആയ നി. വ. ദി. ശ്രീ. മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ശ്രദ്ധേയമായ ഒരവതാരികകൊണ്ടു് ഈ പുസ്തകത്തിനു് അനുഗ്രഹമുദ്ര ചാർത്തിയിരിക്കുന്നു. അഭിവന്ദ്യ തിരുമനസ്സിനോടുള്ള നന്ദി വാക്കുകളിൽ ഒതുക്കാവുന്നതല്ല. എങ്കിലും അളവററ ഭക്ത്യാദരവുകളോടും, സ്നേഹവായ്പോടുംകൂടി തിരുമനസ്സിനോടുള്ള ഞങ്ങളുടെ അകളങ്കമായ നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.

പല മാസികകളിലായി ചിതറിക്കിടന്ന ഈ ലേഖനങ്ങൾ തേടിപ്പിടിക്കുന്നതിനും പകർത്തുന്നതിനും സഹായിച്ച ശ്രീ ജോയൻ കുമരകം, ബഥനി സിസ്റ്റേഴ്സ് ഇവരോടുള്ള നന്ദിയും ചുരുങ്ങിയ വാക്കുകളിൽ രേഖപ്പെടുത്തുന്നു.

ഈ പുസ്തകത്തിനു സുന്ദരമായ പുറംചട്ടയണിയിച്ച ജോൺ മാത്യു ബ്രദേഴ്സ്, മുദ്രണം ഭംഗിയായി നിർവ്വഹിച്ച നാലാത്ര പ്രിൻേറഴ്സ് തുടങ്ങി ഇതിൻെറ പ്രകാശനത്തിനു പിന്നിൽ പ്രവർത്തിച്ചിട്ടുള്ള എല്ലാവരോടും ഞങ്ങൾക്കുള്ള നിസ്സീമമായ കൃതജ്ഞത ഇവിടെ പ്രകാശിപ്പിക്കുന്നു.

പ്രസാധകർ.

ഉള്ളടക്കം

		പേജ്
1.	ബഥാന്യയിലേക്ക് ഒരു തീർത്ഥയാത്ര	9
2.	ബഥാന്യയിലെ ചെറിയ ഭവനത്തിൽ	13
3.	യേശു സ്നേഹിച്ച ഭവനം	19
4.	യേശുവിനു പ്രിയനായവൻ	24
5.	യേശുവിനുമാത്രം	31
6.	എഴുന്നേററുപോവുക	35
7.	പുറത്തുവരു	41

ബഥനി പ്രസിദ്ധീകരണങ്ങൾ

		രൂ.	
1.	ബഥനിയുടെ പനിമലർ (സ്മരണിക)	7	00
2.	ഒരു വിദേശയാത്രയും കുറെ ചിതറിയ ചിന്തകളും (യാത്രാവിവരണം)		
	ഫാ: കുറിയാക്കോസ് ഒ. ഐ. സി.	10	00
3.	വി: കുർബ്ബാന തക്സാ	10	00
4.	കഷ്ടാനുഭവയാഴ്ച പ്രുമിയോൻ	10	00
5.	ബഥാന്യയിലേക്ക് ഒരു തീർത്ഥയാത്ര (ധ്യാനങ്ങൾ)		
	ആബോ യൂഹാനോൻ ഒ. ഐ. സി.	2	00

അച്ചടിയിൽ

വീട്! മനോഹരമായ വീട് (ധ്യാനങ്ങൾ)
ആബോ യൂഹാനോൻ ഒ. ഐ. സി.

ധ്യാനമാധുരി (ധ്യാനങ്ങൾ) ,,

കഷ്ടാനുഭവയാഴ്ചയിൽ (ധ്യാനങ്ങൾ) ,,

ക്രിസ്മസ് ധ്യാനങ്ങൾ ,, ,,

കുട്ടികളുടെ തേവോദോസ്യോസ് തിരുമേനി
(ലഘുജീവചരിത്രം) ജോയൻ കുമരകം.

1

ബഥാന്യയിലേക്ക് ഒരു തീർത്ഥയാത്ര

ബഥാന്യ! എത്ര സുമധുരമാണ് ആ നാമം. ദിവ്യ സ്വപ്നങ്ങൾ അതിൻെറ മുഖവാതിലുകൾക്കുള്ളിൽ ഉറങ്ങി ക്കിടക്കുന്നു. യേശുനാഥനെ സ്നേഹിക്കുന്നവർക്കു കുളിർമ്മയും ചൈതന്യവും, ശാന്തിയും ശക്തിയും അരുളുന്ന പ്രചോദന കേന്ദ്രമാണു ബഥാന്യ. യേശുവിനോടൊത്തു ബഥാന്യയി ലേക്ക് ഒരു തീർത്ഥയാത്ര നടത്തുന്നതിൽ കവിഞ്ഞൊരാ നന്ദം മറെറന്താണ്?

ബഥാന്യ (ബഥനി) ഒരു ചെറിയ ഗ്രാമമാണത്. വി ശുദ്ധ നഗരമായ യരുശലേമിനെ മറുകയിൽ വഹിക്കുന്ന സീയോൻകുന്നിനു കിഴക്കായി, കെദ്രോൻ താഴ്വരയ്ക്കും തോടി നുമപ്പുറം കാണുന്ന ഒലിവുമലയുടെ കിഴക്കേ ചെരിവിലാണു ബഥനി.

ആരുമാരുമറിയാതെ മധുരസ്വപ്നങ്ങളിൽ മയങ്ങിക്കി ടന്ന ആ കൊച്ചുഗ്രാമം ഇത്രയേറെ പ്രശസ്തമാകാൻ കാരണ മെന്തേ? അവിടെ ഒരു കൊച്ചുവീടുണ്ടായിരുന്നു. യേശു സ്നേഹിച്ച ഒരു വീട്— ലാസറിൻെറയും മാർത്തയുടെയും മറി യയുടെയും വീട്. ആ വീടാണു ബഥാന്യയെ പ്രശസ്തിയുടെ ഉകൊടുമുടിയിൽ എത്തിച്ചത്.

യേശു സ്നേഹിച്ച വീട്— മനോജ്ഞമായ വീട്, ദിവ്യസ്നേഹം തുളുമ്പുന്ന വീട്— ബഥനി.

എന്താണതിന്റെ അർത്ഥം? 1) മറുപടി ലഭിക്കുന്ന ഭവനം. 2) ദൈവസംസർഗ്ഗത്തിന്റെ ഭവനം.

ബഥാന്യ, അതു മറുപടി ലഭിക്കുന്ന ഭവനമായിരുന്നു. നമ്മുടെ കർത്താവു ബഥാന്യയിലെ ലാസറിന്റെ വീടിന്റെ ഉൾമുറിയിലിരുന്നു തന്റെ പിതാവിന്റെമുമ്പാകെ ജീവിത പ്രശ്നങ്ങളെ അറിയിച്ചു മറുപടി വാങ്ങി. ലാസറും മാർത്തയും മറിയയും അവരുടെ പ്രശ്നങ്ങളെ യേശുതമ്പുരാനെ അറിയിച്ചു മറുപടി വാങ്ങി. അതവർക്കു പ്രശ്നങ്ങളുടെ മറുപടി കാണുവാൻ സഹായിച്ച ഭവനമായിരുന്നു.

സംസർഗ്ഗത്തിന്റെ ഭവനം. യേശുനാഥൻ ബഥാന്യയുടെ ഉൾമുറിയിൽ പിതാവുമായി സംസർഗ്ഗംചെയ്തു. ലാസറും സഹോദരികളും യേശുവിന്റെ സാന്നിദ്ധ്യത്തിൽ, അവന്റെ തിരുമുമ്പിലിരുന്നു ദിവ്യസംസർഗ്ഗം അനുഭവിച്ചു. ബഥാന്യ. മറുപടി ലഭിക്കുന്ന വീടാണ്. ദൈവസംസർഗ്ഗത്തിന്റെ ഭവനമാണ്.

സർവ്വോപരി യേശുനാഥൻ തന്റെ ക്രൂശാരോഹണത്തിനുമുമ്പു താമസിച്ചു ശക്തി സംഭരിച്ച വീടാണതു്. ഞായറാഴ്ചദിവസം ബഥാന്യയിൽനിന്നാണു താൻ ഊർശ്ലേമിലേക്കു ജൈത്രയാത്ര ആരംഭിച്ചതു് അന്നു മടങ്ങിവന്നു ബഥാന്യയിൽ രാപാർത്തു. തിങ്കളാഴ്ച ദേവാലയ ശുദ്ധീകരണത്തിനു ബഥാന്യയിൽനിന്നാണു താൻ പുറപ്പെട്ടതു്. അന്നു മടങ്ങിവന്നു രാപാർത്തു ബഥാന്യയിൽത്തന്നെ. തന്റെ ജീവിതത്തിന്റെ അവസാനനാളുകളിൽ തനിക്കു് അന്തിയുറങ്ങാനും, ശക്തിസംഭരിക്കുവാനും ബഥാന്യയായിരുന്നു ആതിഥ്യം വച്ചുനീട്ടിയതു്. അതിന്റെ ശാന്തതയിൽ താൻ ഉറങ്ങി. അതിന്റെ സ്നേഹാന്തരീക്ഷത്തിൽ ശക്തി സംഭരിച്ചു അതിന്റെ ഏകാന്തതയിൽ താൻ പ്രാർത്ഥിച്ചു.

അവിടെവച്ചാണു മറിയാം ബുധനാഴ്ച തന്നെ പരിമളം പൂശിയതു്. യേശുവിൻെറ ജീവിതത്തിലെ സന്തോഷം നിറഞ്ഞ ഒരനുഭവമായിരുന്നു അതു്. ആ സ്നേഹവായ്പിൻെറ, നിറഞ്ഞുകവിഞ്ഞൊഴുകിയ സ്നേഹപ്രകടനത്തിൻെറ മാധുര്യത്തിൽ യേശു തമ്പുരാൻ തൻെറ ക്ലേശങ്ങളേയും ദുഃഖങ്ങളേയും മറന്നു. കുററം പറയുവാൻ ഉയർന്ന യൂദായുടെ നാവിനെ വിലക്കി സ്നേഹധനയായ മറിയാമിനെ യേശു പുകഴ്ത്തി. അന്നത്തെ സ്നേഹം ഇന്നും നിലനില്ക്കുന്നു. വി: സഭ മുഴുവൻ ആ പരിമളംകൊണ്ടു് ഇന്നും നിറയുന്നു.

മനുഷ്യൻതന്നെ ഒരു ബഥാന്യയാണു്. ഒരു മനുഷ്യനിൽ മൂന്നു സംഗതികൾ ഉൾക്കൊള്ളുന്നു. പ്രവത്തിക്കുന്ന ശരീരം, ചിന്തിക്കുന്ന മനസ്സു്, അവൻെറ ആത്മാവു്. ബഥാന്യയിലെ മൂന്നു് അംഗങ്ങൾ ഇവ മൂന്നിനേയും പ്രതിനിധാനംചെയ്യുന്നു.

മാത്ത—ഓടിനടന്നു പ്രവത്തിക്കുന്ന ശരീരമാണു്.

മറിയ—ചിന്തിക്കുന്ന മനസ്സാണു്.

ലാസർ—ഉയിപ്പിൻെറ അനുഭവമുള്ള ആത്മാവാണു്.

മാത്ത—ശരീരം യേശുവിനോടുകൂടെ യേശുവിനുവേണ്ടി പ്രവത്തിക്കണം.

മറിയ—യേശുവിൻെറ തൃപ്പാദത്തിലിരുന്നു് അവനെ കുറിച്ചു ചിന്തിക്കണം.

ലാസർ—പാപമരണത്തിൽനിന്നു് ഉയിത്ത അനുഭവത്തോടെ യേശുവിൻെറ അടുത്തിരിക്കണം.

ആത്മാവെന്ന ലാസർ ചിലപ്പോൾ പാപഭാരത്താൽ രോഗബാധിതമായെന്നുവരാം. അപ്പോൾ ശരീരവും മനസ്സും ഏകോപിച്ചു യേശുവിനോടു് ഒരു വാക്കു പറഞ്ഞയയ്ക്കണം "നാഥാ നിൻെറ സ്നേഹിതൻ രോഗബാധിതനായി കിടക്കുന്നു."

ആത്മാവു പാപത്തിൽ ഉൾപ്പെട്ടു മരിച്ചെന്നുവരാം, മാത്രമല്ല ജീർണ്ണിച്ചു ദുർഗന്ധം വമിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലേക്ക് അധഃപതിച്ചെന്നുംവരാം.

എന്നാലും ആശ നശിക്കേണ്ടതില്ല. മനുഷ്യനു് ഒരിക്കലും ദൈവത്തിൻെറ വീണ്ടെടുപ്പിൻെറ പരിധിക്കപ്പുറം പോകുവാൻ സാധിക്കയില്ല. ആത്മാവിൻെറ ഉടയവൻ അതിനെ ജീവിപ്പിക്കുവാനാഗ്രഹിച്ചുവരും. അവൻ വന്നു ഗ്രാമത്തിന്റെ പരിധിയിൽ നില്ക്കും. അപ്പോൾ നമ്മുടെ മാത്തയും മറിയയുംകൂടെ അവൻെറ കാല്ക്കൽവീണു പറയണം "നാഥാ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ ഞങ്ങളുടെ സഹോദരൻ, നിന്റെ സ്നേഹിതൻ ലാസർ, ആത്മാവു മരിക്കയില്ലായിരുന്നു." അപ്പോൾ ഇവൻ നടക്കും ലാസറിൻെറ കബറിങ്കലേക്ക്. ലാസറേ പുറത്തുവരുക എന്നു് അട്ടഹസിച്ചു് അതിനെ ജീവിപ്പിക്കും.

അതെ ബഥാന്യ—എത്ര മനോഹരമായ പേരു്. അവിടെയാണു ശാന്തി, അവിടെയാണു ശക്തി, അവിടെയാണു സ്നേഹത്തിൻെറ പൂർണ്ണത. അവിടെയാണു് ഉയിർപ്പിൻെറ അനുഭവം. യേശുവിനോടുകൂടെ ബഥാന്യയിലേക്കു് ഒരു തീർത്ഥയാത്രക്കു്, ഉയിർപ്പിൻെറ അനുഭവത്തിൽകൂടെ ശാന്തിയും, ശക്തിയും, സ്നേഹവും, ജീവനും പ്രാപിപ്പാൻ ആത്മാവേ, നീ വരുന്നോ?

2

ബഥാന്യയിലെ ചെറിയ ഭവനത്തിൽ

"പിന്നെ അവൻ യാത്രപോകയിൽ ഒരു ഗ്രാമത്തിൽ എത്തി; മാൎത്ത എന്നു പേരുള്ള ഒരു സ്ത്രീ അവനെ വീട്ടിൽ കൈക്കൊണ്ടു." (വി. ലൂക്കോസ് 10:38)

നമ്മുടെ കൎത്താവു് ഒരു യാത്രാമദ്ധ്യേ ബഥാന്യയിലൂടെ കടന്നുപോയി. തൻെറ അപ്പോഴത്തെ യാത്രോദ്ദേശ്യം മാൎത്തയുടെ ഭവനം സന്ദർശിക്കുക എന്നതായിരുന്നില്ല. എങ്കിലും ഗുരുനാഥൻ അവളുടെ ഗ്രാമത്തിലേക്കു വന്നപ്പോൾ മാൎത്ത ഓടിവന്നു് അവനെ സ്വീകരിച്ചു; എൻെറ ഭവനത്തിൽവന്നു് അല്പം ആശ്വസിച്ചിട്ടു പോകണമേ എന്നു് മാൎത്ത കൎത്താവിനോടു് അപേക്ഷിച്ചു. മാൎത്തയുടെ ക്ഷണം സ്വീകരിച്ചു് കൎത്താവു് അവളുടെ ചെറിയ ഭവനത്തിലേക്കു പോയി. അവിടെ വിശ്രമിച്ചു.

മാൎത്ത

ആ ഗ്രാമത്തിൽ അനേകം ഭവനങ്ങൾ ഉണ്ടായിരുന്നു. പാവപ്പെട്ടവൻെറയും പണക്കാരൻെറയും, കുലീനന്മാരുടെയും കുലഹീനന്മാരുടെയും, ശാസ്ത്രിമാരുടെയും പരീശന്മാരുടെയും ഭവനങ്ങൾ! ചുങ്കക്കാരനായ സഖായി യേശുവിനെ കാണ്മാൻ ആഗ്രഹിച്ചതുപോലെ അവരിൽ പലരും ആഗ്ര

ഹിച്ചു, യേശുവിനെ ഒരുനോക്കൊന്നു കാണുവാൻ. യേശുതമ്പുരാൻ പോകേണ്ടിയിരുന്ന വഴിയുടെ ഇരുവശങ്ങളിലും അവർ തടിച്ചുകൂടി നിന്നിരിക്കണം. പക്ഷെ അവരാരും യേശുനാഥനെ തങ്ങളുടെ ഭവനത്തിലേക്കു ക്ഷണിച്ചില്ല. തന്നെ സ്വീകരിക്കുവാനായി മുമ്പോട്ടുവന്നില്ല. ഒരു സാധുസ്ത്രീമാത്രം അതിനു സന്നദ്ധയായി. സ്നേഹധനയായ അവളുടെ ഭവനത്തിലേക്ക് കർത്താവ് എഴുന്നെള്ളി.

എന്റെ ആത്മാവേ! യേശുതമ്പുരാൻ എത്രയെത്രപ്രാവശ്യം ഒരു വഴിപോക്കനായി നിന്റെ ഗ്രാമത്തിലേക്കു വന്നിട്ടുണ്ട്. നീ ഒരു കാഴ്ചക്കാരനായി നോക്കിനിന്നു. നിന്റെ ഭവനത്തിലേക്ക് യേശുവിനെ നീ ക്ഷണിച്ചില്ല. നിന്റെ ഹൃദയകവാടം യേശുവിനായി തുറന്നില്ല. ബഥാന്യാഗ്രാമത്തിൽ ഒരു മാർത്ത അവനെ സ്വീകരിച്ചു. ഇതാ ഒരിക്കൽക്കൂടെ യേശു നിന്റെ സവിധത്തിലേക്കുവരുന്നു. നീ അവനെ സ്നേഹാദരപൂർവ്വം സ്വീകരിക്കുമോ?

വി: കുർബ്ബാനവഴിയായി എത്രയെത്രപ്രാവശ്യം നസ്രായനായ യേശു നിന്റെ ഗ്രാമത്തിലേക്ക്, നിന്റെ ആത്മാവിലേക്കുതന്നെ എഴുന്നെള്ളിവന്നു. പക്ഷെ ഒരു വഴിപോക്കനെന്നപോലെയല്ലേ ഇതേവരെ നീ യേശുവിനെ കണ്ടിട്ടുള്ളതു്. ഒരിക്കലെങ്കിലും നിന്റെ ഹൃദയത്തിന്റെ വാതിൽ തുറന്നു് യേശുവിനെ അവിടെ പ്രവേശിപ്പിച്ചിട്ടുണ്ടോ? എത്രയെത്ര നല്ല അവസരങ്ങൾ, പ്രസംഗങ്ങൾ, ധ്യാനങ്ങൾ, വി: കുദാശകൾ, വി: വേദപുസ്തക പാരായണം ഇവയെല്ലാം നീ നഷ്ടപ്പെടുത്തി. അതിനാൽ നിന്റെ ആത്മാവിൽ വന്നു വിശ്രമിക്കുന്നതിനു് ആഗ്രഹിക്കുന്ന യേശുവിനുവേണ്ടി വാതിൽ തുറന്നുകൊടുക്കുക. സന്തോഷത്തോടെ അവനെ സ്വീകരിക്കുക.

"ഞാൻ വാതുക്കൽ മുട്ടുന്നു. ആരെങ്കിലും എൻെറ ശബ്ദം കേട്ട വാതിൽ തുറന്നാൽ ഞാൻ അവൻെറ അടുക്കൽച്ചെന്നു് അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും. (വെളിപാട്ട് 3:20)

മറിയ

"അവൾ കത്താവിൻെറ കാൽക്കൽ ഇരുന്നു് അവൻെറ വചനം കേട്ടുകൊണ്ടിരുന്നു". (വി. ലൂക്കോ. 10:39)

മാത്തയുടെ ക്ഷണം സ്വീകരിച്ചു ലാസറിൻെറ ചെറിയ ഭവനത്തിൽ എത്തിയ കത്താവിനെ അവർ ഹൃദ്യമായി സ്വീകരിച്ചു. മറിയ പെട്ടെന്നുവന്നു് ഗുരുവിൻെറ പാദത്തിങ്കലിരുന്നു് ദിവ്യവചനങ്ങൾ ആത്തിയോടെ കേട്ടു. എത്ര പരമാനന്ദപ്രദമായ അനുഭവമാണതു്; യേശുവിന്റെ കാൽച്ചുവട്ടിലിരിക്കുക! തൻെറ ജീവൻെറ വചനങ്ങൾ ശ്രവിക്കുക.

"മനുഷ്യൻ ജീവിക്കുന്നതു് അപ്പംകൊണ്ടു മാത്രമല്ല ദൈവത്തിൻെറ വായിൽകൂടെ വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു". (വി. മത്തായി 4:4)

മറിയ ആത്മാവിനു ജീവൻനല്കുന്ന യേശുവിന്റെ തിരുവായ്മൊഴികൾ ശ്രദ്ധയോടെ കേട്ടുകൊണ്ടിരിക്കയാണു്. ആത്മാവേ, നീ ആ ദൃശ്യം ഒന്നുകാണുക. അരുമരക്ഷകൻെറ പാദത്തിങ്കൽ, തിരുമുഖത്തേക്കു് ഉററുനോക്കി സമസ്തവും വിസ്മരിച്ചു് അവൻെറ വചനങ്ങൾ ആസ്വദിക്കുന്ന മറിയാമിനെ നോക്കുക. ദൈവത്തിൻെറ വായിൽകൂടെവരുന്ന ജീവവചനങ്ങളാണു് അവളുടെ ഭക്ഷണം

ആത്മാവേ! യേശുവിൻെറ വചനങ്ങൾ കേൾക്കുവാൻ നീയും അല്പസമയം ഒന്നു മൗനമായിരിക്കുമോ? വി. പുസ്തകം വായിക്കുമ്പോൾ നീ യേശുനാഥൻെറ തിരുസന്നിധിയിലാണു് ഇരിക്കുന്നതെന്നും, അതിലെ വചനങ്ങൾ ദൈവത്തിൻെറ വായിൽകൂടെ വരുന്നവയാണെന്നും ഓത്തു ധ്യാ

നിക്കുമോ? യേശുവിനു മാത്രമായി ഒരുദിവസം പത്തുമിനി റെറങ്കിലും മാററിവയ്ക്കുമോ?

അകത്തു് ഒരാൾ വലിയ ബദ്ധപ്പാടിലാണു്, ഗുരുവിനെ സല്ക്കരിക്കുവാൻ. മാത്ത യേശുവിനുവേണ്ടി ഭക്ഷണം തയ്യാറാക്കുകയാണു്. ഈ ലോകത്തിൽ മാത്ത ഏററവും അധികം സ്നേഹിക്കുന്ന ഗുരുവാണു് വന്നിരിക്കുന്നതു്. അവളുടെ ഹൃദയം നിറച്ച സ്നേഹമാണു്. ആ സ്നേഹം ഒന്നു പ്രകടിപ്പിക്കുവാനുള്ള ബദ്ധപ്പാടിലാണവൾ. യേശുവിനുവേണ്ടി പ്രവത്തിക്കുന്നവക്കു് ഒരു പാഠമാണു് ഇവിടെ കാണുന്നതു്. പ്രസംഗങ്ങളും ഉപദേശങ്ങളും വി: കുദാശകളും പരോപകാരപ്രദങ്ങളായ പ്രവത്തനങ്ങളും എല്ലാം യേശുവിനോടുള്ള വ്യക്തിപരമായ സ്നേഹത്തിൽനിന്നു് ഉടലെടുക്കേണ്ടവയാണു്. എങ്കിലും നമ്മുടെ സമയം മുഴുവനും ആവക പ്രവത്തനങ്ങൾക്കായി ഉപയോഗിക്കുന്നതു് ശരിയായിരിക്കയില്ല. സ്നേഹം യേശുവിനു സമപ്പിച്ചുകൊണ്ടു് തിരുസന്നിധിയിൽ മൗനമായി ഇരുന്നു് ജീവനാഥൻെറ ജീവനുള്ള വചനങ്ങളെക്കുറിച്ചു് ധ്യാനിക്കുവാൻ നാം മറക്കരുതു്. പരമപ്രധാനവും അത്യന്താപേക്ഷിതവും ആണിതു്. സ്വർഗ്ഗീയമായ ആനന്ദമാണു് ഈ ധ്യാനംവഴി നമുക്കു ലഭിക്കുക.

"മിണ്ടാതിരുന്നു് ഞാൻ ദൈവമെന്നു് അറിഞ്ഞുകൊൾക"

മാത്ത ഉൾമുറിയിൽ ബദ്ധപ്പെട്ടു് ജോലിചെയ്തുകൊണ്ടിരുന്നപ്പോഴും അവളുടെ ഹൃദയം യേശുനാഥൻെറ സന്നിധിയിൽ ആയിരുന്നു. ഇടക്കിടയ്ക്കു് അവൾ ഗുരുവിൻെറ സന്നിധാനത്തിൽവന്നു് ഒരു ചെറിയവാചകമെങ്കിലും പറയുമായിരുന്നു. തനിക്കും മറിയാമിനെപ്പോലെ ഗുരുവിൻെറ അടുത്തിരിക്കുവാൻ കഴിഞ്ഞെങ്കിൽ എന്നവൾ ആഗ്രഹിച്ചു.

അനുദിനജോലികളിൽ വ്യാപൃതരായിരിക്കുമ്പോഴും യേശുവിനെ സ്നേഹിക്കുന്നവർ ചെയ്യേണ്ട ഒരുകാര്യം ഉണ്ടു്. ബദ്ധപ്പാടുകൾക്കിടയിൽ അല്പസമയം, ഒരു മിനിട്ടോ കുറച്ചുനിമിഷമെങ്കിലുമോ യേശുവിൻെറ തിരുസന്നിധിയിലേക്കുവരിക. മാർത്ത ബദ്ധപ്പെട്ടുവന്നതുപോലെ അവളുടെ വീട്ടിൽവന്നു വിശ്രമിച്ച യേശുവിനെ ഒരുനോക്കു് ഒന്നുകാണുന്നതിനും, സ്നേഹത്തിന്റെ ഒരുവാക്കു പറയുന്നതിനും അവൾ അടുക്കളയിൽനിന്നു് യേശുതമ്പുരാൻ ഇരുന്ന മുറിയിലേക്കു വന്നതുപോലെ. ധൃതിയായി ജോലിചെയ്തുകൊണ്ടിരിക്കുമ്പോഴും ഒരുനിമിഷം യേശുവിനെ ഒന്നു നോക്കുന്നതിനും, സ്നേഹമസൃണമായ സ്വരത്തിൽ എൻെറ യേശുവേ എന്നു വിളിക്കുന്നതിനും സ്നേഹിക്കുന്ന ആത്മാവിനു സാധിക്കും.

മാർത്തയ്ക്കു് ഒരു ചെറിയ പ്രമാദംപററി. അവൾ ഉൾമുറിയിൽ യേശുവിനുവേണ്ടി അദ്ധ്വാനിച്ചുകൊണ്ടിരുന്നെങ്കിലും അതു യേശുവിനോടുകൂടിയുള്ള പ്രയത്നമായിരുന്നില്ല. അടുത്തമുറിയിലെ യേശുവിനെക്കുറിച്ചാണു് അവൾ ചിന്തിച്ചതു്. യേശുവിനുവേണ്ടി താൻ പ്രയത്നിക്കുമ്പോൾ, മറിയയുടെ അടുത്തെന്നപോലെ തന്നോടുകൂടെയും യേശു ഉണ്ടെന്നു്, യേശുവിൻെറ തിരുസാന്നിദ്ധ്യം സ്ഥലകാലപരിമിതിക്കപ്പുറമാണെന്നു് അവൾ മറന്നുപോയി. അതാണവൾ പരാതി പറഞ്ഞതു്. യേശുവിനോടുള്ള സ്നേഹത്തെപ്രതി നാം എന്തു ചെയ്യുമ്പോഴും യേശു നമ്മോടുകൂടെ ഉണ്ടായിരിക്കും. അടുത്ത മുറിയിൽ—വിദൂരനായ—ഒരു യേശുവിനെയല്ലായിരുന്നു മാർത്ത കാണേണ്ടിയിരുന്നതു്. തൻെറകൂടെ ജോലിചെയ്യുന്ന സമീപസ്ഥനായ യേശുവിനെ ആയിരുന്നു അവൾ കാണേണ്ടിയിരുന്നതു്. അമ്മാനുവേൽ എന്നാണല്ലോ അവന്റെ പേരു്.

ആത്മാവേ! നിൻെറ സർവ്വസ്വവുമായ യേശുവിൻെറ തിരുസാന്നിദ്ധ്യത്തെക്കുറിച്ചു് നിനക്കുബോധമുണ്ടോ? അ

വൻെറ സാമീപ്യത്തെക്കുറിച്ചുള്ള മനോബോദ്ധ്യത്തിനായി ഒരുനിമിഷം നില്ക്കുക. ആത്മനയനങ്ങൾ ഉയർത്തി അവനെ ഒന്നു നോക്കുക. ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നുള്ള സ്നേഹത്തോടെ എൻെറ സ്നേഹനാഥാ എന്നു വിളിക്കുക.

എവിടെയാണെങ്കിലും ഏതു ജോലിയിലാണെങ്കിലും എത്രയധികം ധൃതിയാണെങ്കിലും നമ്മിലുള്ള തിരുസാന്നിദ്ധ്യം സ്മരണയിൽ കൊണ്ടുവരുവാൻ ആത്മാവിനു സാധിക്കും. അങ്ങനെ പതിവായി ചെയ്യുന്ന ആത്മാവിനു് ഒരിക്കലും യേശു ദൂരസ്ഥനാണെന്നു തോന്നുകയില്ല.

മാർത്തയുടെ ക്ഷണം സ്വീകരിച്ചു് അവളുടെ വീട്ടിലേക്കു് എഴുന്നെള്ളിയ സ്നേഹനാഥാ! എന്റെ ഭവനത്തിലേക്കും നീ ഒന്നു വരണമേ. എൻെറ ആത്മാവാകുന്ന ചെറിയ വീട്ടിൽ എന്നുമെന്നും പാർത്തു് നിൻെറ തിരുസാന്നിദ്ധ്യത്തെക്കുറിച്ചുള്ള ബോദ്ധ്യംകൊണ്ടു് എന്നെ നിറയ്ക്കണമെ.

[യേശുവിൻെറ തിരുസന്നിധിയിൽ ആത്മാവിനെ പ്രതിഷ്ഠിച്ചു ധ്യാനത്തിൽക്കൂടെയുള്ള ദൈവസംസർഗ്ഗത്തിൻെറ ഓരോ പടിയും ചവുട്ടിക്കയറുക.]

ബഥനിയിലെ ഭവനത്തിൽ ഇരിക്കുന്ന യേശുവിനെ മനസ്സിൽ കാണുക. മറിയാമിനെപ്പോലെ നാം അവൻെറ തൃപ്പാദ സവിധേ ഇരിക്കുന്നതായി സങ്കല്പിക്കുക. താഴ്മയോടെ നമ്മുടെ കുറവുകളെയും പാപങ്ങളെയുംകുറിച്ചു് അനുതപിക്കുക. നമ്മുടെ ശരണവും പ്രത്യാശയും കർത്താവിൽ സമർപ്പിക്കുക. മറിയയെപ്പോലെ ഹൃദയം നിറയെ സ്നേഹവുമായി യേശുവിൻെറ തിരുമുഖത്തേക്കു നോക്കാം. നമ്മെത്തന്നെ മുഴുവനായി കർത്താവിനു സമർപ്പിക്കാം.

3

യേശു സ്നേഹിച്ച ഭവനം

"അവൾ കർത്താവിൻെറ കാല്ക്കൽ ഇരുന്നു് അവൻെറ വചനം കേട്ടുകൊണ്ടിരുന്നു" (വി: ലൂക്കോ 10:39).

യേശു തമ്പുരാൻ സ്നേഹിച്ച ഒരു ഭവനമായിരുന്നു ലാസറിൻെറ വീട്ട്. യേശു ലാസറിനെയും മാത്തയെയും മറിയയെയും സ്നേഹിച്ചു. ശാന്തസുന്ദരമായ അന്തരീക്ഷത്തിൽ യേശുവിൻെറ തിരുവചനങ്ങളെ ആർത്തിയോടെ കേട്ട് സമാധാനം അടയാൻ അവർ തീവ്രമായി ആഗ്രഹിച്ചിരുന്നു. യേശുവിൻെറ ആത്മാവിൻെറ അടിത്തട്ടിൽ ബഥനിയെക്കുറിച്ചുള്ള സ്മരണ ആനന്ദത്തിൻെറ അലകൾ ഇളക്കിവിട്ടമായിരുന്നു.

പലസ്തീൻ നാട്ടിൽ അങ്ങോളമിങ്ങോളം പിതാവിന്റെ തിരുഹിതപ്രകാരം പുതിയ സുവിശേഷത്തിൻെറ—രക്ഷയുടെ—കൈത്തിരിയുമായി താൻ സഞ്ചരിച്ചു. പരീശന്മാരും ശാസ്ത്രിമാരും മൂപ്പന്മാരും തന്നെ അപമാനിക്കയും നിരസിക്കയും പീഡിപ്പിക്കയും ചെയ്തു. അപ്പോഴൊക്കെ ബഥനിയിലെ സ്നേഹഭവനം തനിക്കൊരു ആശ്വാസഭവനമായി അനുഭവപ്പെട്ടു. തന്നെ സ്വീകരിക്കുന്നതിനും സല്ക്കരിക്കുന്നതിനുമായി ബദ്ധപ്പെട്ടു് ഓടിയെത്തുന്ന മാത്ത, തൻെറ തൃപ്പാ

ദത്തിൽ ധ്യാനനിമഗ്നയായിരിക്കുന്ന മറിയം. തനിക്കു പ്രിയനായ ലാസർ. എത്ര സുന്ദരമായ, ആശ്വാസദായകമായ വീട്.

യേശു സ്നേഹിച്ച വീട്! എത്ര ഭാഗ്യമുള്ള ഭവനമായിരുന്നു അത്.

യേശു സ്നേഹിക്കുന്ന വീട്! അതെത്ര ഭാഗ്യപൂർണ്ണം.

എന്റെ വീടിനെക്കുറിച്ചു ഞാൻ ഒന്നു ചിന്തിക്കട്ടെ. യേശു സ്നേഹിക്കുന്ന വീടാണോ അത്. മാർത്തയെ അനുകരിച്ചു "വഴിപോകുന്ന" യേശുവിനെ ക്ഷണിച്ചു സ്വീകരിക്കുന്ന വീടാണോ? യേശുവിന്റെ തൃപ്പാദത്തിങ്കൽ അല്പസമയം ധ്യാനനിമഗ്നനായി കഴിയുന്നതിനു ഞാനും എന്റെ കുടുംബാംഗങ്ങളും ശ്രദ്ധിക്കുന്നുണ്ടോ? നല്ലഭാഗം സഹോദരിക്കായി വിട്ടുകൊടുത്തിട്ടു പിൻവാങ്ങി പ്രയാസമുള്ള ജോലി ചെയ്ത മാർത്തയുടെ സ്വയപരിത്യാഗം എന്റെ ആത്മാവേ നിനക്കു മാതൃകയായിരിക്കട്ടെ. യേശുവിന്റെ തൃപ്പാദങ്ങളുടെ അടുത്തിരുന്നു ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും ഒരാളെ എന്റെ ഭവനത്തിൽനിന്നും ഒരു ദയറായിലേക്കോ ഒരു കന്യാസ്ത്രീമഠത്തിലേക്കോ സംഭാവനചെയ്യുവാൻ എന്റെ കുടുംബത്തിനു കഴിഞ്ഞിട്ടുണ്ടോ?

ബേസ്അനിയോ

1 House of answering (മറുപടി ലഭിക്കുന്ന വീട്)

അലറി അടിക്കുന്ന കടലിൽ ഇരമ്പിപ്പായുന്ന കൊടുങ്കാററിൽപ്പെട്ട് ഉലഞ്ഞുവലഞ്ഞ ചെറുവഞ്ചിയിൽ യേശു ഉണ്ടായിരുന്നു.

"നാഥാ! രക്ഷിക്കണമേ" എന്നു വിളിച്ചപേക്ഷിച്ചപ്പോൾ കാററിനെയും കടലിനെയും സൃഷ്ടിച്ച എന്റെ കർത്താവ് എഴുന്നേററു് അവയെ നിശ്ശബ്ദമാക്കി. പ്രയത്നങ്ങളുടെ ഇടയ്ക്കും പ്രശ്നങ്ങളുടെ നടുവിലും ഞാൻ അവനെ വിളിക്കും.

അവൻ എനിക്ക മറുപടി അരുളും. ജീവിതത്തിന്റെ കൈപ്പു നിറഞ്ഞ അനുഭവങ്ങളിലും നിരാശാഗർത്തങ്ങളിലും പരാജയത്തിന്റെ പടുകുഴിയിലും യേശു എന്റെ ചെറുതോണിയിൽ ഉണ്ട്. നാഥാ രക്ഷിക്കണമേ എന്നു വിളിച്ചപേക്ഷിച്ചാൽ അവൻ കരുണയോടെ മറുപടിയരുളും. 'നിന്റെ ഭാരം യഹോവയിൽ വച്ചുകൊൾക' എന്നരുളിച്ചെയ്ത ദൈവത്തോടു നിരന്തരം അപേക്ഷിച്ചു മറുപടി വാങ്ങുന്ന ഒരു ഭവനമായി എന്റേതിനെ ഞാൻ ആക്കിത്തീർക്കും. എന്റെ ആത്മാവിന്റെ നടുക്ക ഞാൻ അവനെ പ്രതിഷ്ഠിച്ച് അവന്റെ തൃപ്പാദങ്ങളിൽ ഇരുന്ന് എന്റെ സകലവും അവനെ അറിയിച്ചു മറുപടി വാങ്ങും. അങ്ങനെ എന്റെ ഭൗമിക ഭവനത്തെയും എന്റെ ആന്തരികഭവനമായ ആത്മാവിനെയും യഥാർത്ഥ ബഥാന്യയാക്കി മാററും.

2 House of Conversing (ദൈവവുമായി നിത്യം സംസർഗ്ഗംചെയ്യുന്ന ഭവനം)

ദൈവം മാർത്തയുടെ ചെറിയവീട്ടിലേക്കെഴുന്നെള്ളി. മറിയ അവന്റെ സന്നിധാനത്തിൽ ഇരുന്നു. ദിവ്യസംസർഗ്ഗത്തിൽ ഏർപ്പെട്ടു. എല്ലാ ക്രിസ്തീയ ഭവനങ്ങളും ഓരോ ബേസ് അനിയോ ആയിരിക്കണം. ദൈവസംസർഗ്ഗം പുലർത്തി തിരുവചനങ്ങളെക്കുറിച്ചു ധ്യാനിക്കുന്ന ഭവനങ്ങൾ.

മറിയയുടെ ആത്മാവ് ഒരു ഉത്തമ ബേസ്അനിയോ ആയിരുന്നു. യേശു വീട്ടിൽ വരുമ്പോൾതൃപ്പാദത്തിങ്കൽ ഇരുന്നു ധ്യാനിക്കുക. യേശു അകലെ ആയിരിക്കുമ്പോൾ തിരുവചനങ്ങളെക്കുറിച്ചു ധ്യാനിക്കുക. യേശുവിന്റെ തിരുസാന്നിദ്ധ്യത്തിന്റെ ആത്മീയമാധുര്യം എപ്പോഴും ആത്മാവിൽ അനുഭവപ്പെടുകയില്ല. ചിലപ്പോൾ യേശു അല്പം അകലെ മാറിനില്ക്കും. അങ്ങനെ മാറിനിന്ന കർത്താവിനോടു ദാവീദു പറയുന്നു: "നിന്റെ മുഖം മറച്ചു, ഞാൻ ഭ്രമിച്ചുപോയി.

യേശു അകലെ ആയിരിക്കുമ്പോൾ നമ്മുടെ ഹൃദയങ്ങളെ ബേസ് അനിയോ ആയി നിലനിറുത്തുവാൻതക്കവണ്ണം തിരുവചനങ്ങൾ വായിക്കയും ഹൃദിസ്ഥമാക്കുകയും അവനെക്കുറിച്ചു ധ്യാനിക്കയും വേണം.

ഞാൻ ഒന്നു പരിശോധിക്കട്ടെ. എൻെറ ആത്മാവു യേശുവിനോടു സംസർഗ്ഗം പുലർത്തുന്ന ആത്മാവാണോ? എവിടെ എൻെറ യേശു? എൻെറ യേശുവിനെ അകത്തുകടത്തി വാതിൽ അടച്ച് അവനോടുകൂടെ സ്നേഹസംഭാഷണം നടത്തുന്നതു് എത്ര മധുരമനോഹരമായ അനുഭവമാണ്. എൻെറ യേശുവേ! ഇതാ എൻെറ ആത്മനിലയം നിനക്കായി തുറന്നിട്ടിരിക്കുന്നു. നിൻെറ തിരുസാന്നിദ്ധ്യത്താൽ അതിനെ നിറയ്ക്കണമേ.

രണ്ടു കാര്യങ്ങൾ ഞാൻ തീരുമാനിക്കുന്നു:

1) എൻെറ ആത്മഭവനത്തെ ഒരു ബേസ് അനിയോ ആക്കിത്തീർക്കും. എന്നെയും എൻെറ പ്രശ്നങ്ങളെയും തൃപ്പാദത്തിങ്കൽ സമർപ്പിച്ചു മറുപടിവാങ്ങി തിരുവിഷ്ടപ്രകാരം മാത്രം ജീവിക്കുന്നതിനു ഞാൻ പരിശ്രമിക്കും. എൻെറ ആത്മാവിനെ ദൈവസാന്നിദ്ധ്യത്താൽ നിറച്ച് അവനുമായി നിത്യസംസർഗ്ഗത്തിലൂടെ ആത്മനിർവൃതിപ്രാപിപ്പാൻതക്കവണ്ണം ആത്മശരീരമനസ്സുകളെ യേശുവിൽ കേന്ദ്രീകരിക്കും.

2) എൻെറ കർത്താവിൻെറ തിരുവചനങ്ങൾ അടങ്ങിയ വി: വേദപുസ്തകം ക്രമമായി വായിക്കുകയും, വായിക്കുന്ന ഭാഗങ്ങളെക്കുറിച്ചു ചിന്തിച്ചു ധ്യാനിക്കയുംചെയ്യും. എൻെറ ആത്മാവിനെമാത്രമല്ല ഞാൻ പാക്കുന്ന എൻെറ ഭവനത്തെയും ഒരു ബഥാന്യ ആക്കിത്തീർക്കുവാൻ ഞാൻ പരിശ്രമിക്കും. ലാസറിനെയും മാർത്തയെയും മറിയയെയും പോലെ യേശുവിനെ സ്നേഹിക്കുന്ന ഒരു ശാന്തിനികേതനമായി എൻെറ വീടിനെയും ഞാൻ ഭേദപ്പെടുത്തും.

ആത്മാവിൻെറ ചുവരുകളിലേക്കും ഭവനത്തിൻെറ ഭി ത്തികളിലേക്കും ഒന്നു മാറിമാറി നോക്കുക. അതാ ആ മുറി യുടെ ഭിത്തികളിൽ പതിച്ചിരിക്കുന്ന ചിത്രങ്ങൾ ആത്മാ വിലുള്ളവ തന്നെയല്ലേ? യേശുവിനോടുള്ള സംസർഗ്ഗം പുല ർത്തുന്നതിനു നയനങ്ങൾ ഉയർത്തുമ്പോൾ സിനിമാനടികളു ടെയും മററും ചിത്രങ്ങളല്ലേ കണ്ണിൽപ്പെടുക. അതാ യേശു വിൻെറ അലോകസുന്ദരമായ രൂപത്തിൻെറ ഇരുവശങ്ങളി ലും തൂങ്ങിക്കിടക്കുന്ന ആ വികലചിത്രങ്ങൾ—ഭക്തിവിരുദ്ധ ങ്ങളായ പടങ്ങൾ—ഒന്നു മാററൂ. യേശുവിനെമാത്രം നോക്കൂ. അവനെക്കുറിച്ചുമാത്രം ചിന്തിക്കൂ. ധ്യാനിക്കൂ. നമ്മുടെ പല ഭവനങ്ങളിലും പ്രാൎത്ഥന നടത്തുന്നതിനായി കണ്ണുകൾ ഉയർ ത്തുമ്പോൾ പെട്ടെന്നു കാണുന്ന ചിത്രങ്ങൾ യേശുവിൻെറ ചിത്രങ്ങൾക്കു് അനുരൂപമല്ലാത്തവയാണു്. ആത്മാവിനെ യഥാൎത്ഥ ബേസ്അനിയോ ആക്കണമെങ്കിൽ ഭവനങ്ങളി ലെയും ആത്മാവിൻെറയും ചുവരുകളിലെ ഇതര ചിത്രങ്ങൾ മാററിക്കളഞ്ഞു് അവയുടെ സ്ഥാനത്തു് യേശുനാഥൻെറ ചിത്രംമാത്രം പതിക്കണം.

എൻെറ ഹൃദയനാഥാ! യേശുവേ, നിൻെറ നിത്യസാ ന്നിദ്ധ്യത്താൽ എൻെറ ആത്മാവിനെ നിറയ്ക്കണമെ. ഞാൻ വിളിക്കുമ്പോൾ കേൾക്കുകയും എനിക്കു മറുപടി അരുളുകയും നിൻെറ തിരുവിഷ്ടപ്രകാരംമാത്രം ജീവിക്കുന്നതിനെ എ ന്നെ സന്നദ്ധനാക്കുകയും ചെയ്യണമേ. നിൻെറ തിരുസാ ന്നിദ്ധ്യത്തിനു് അനുരൂപമല്ലാത്ത സകല ഛായകളെയും എൻെറ ബേസ്അനിയോയിൽനിന്നു നീക്കിക്കളഞ്ഞു നി ൻെറ മനോഹര രൂപംമാത്രം അവിടെ കൊത്തിവയ്ക്കണമേ.

4

യേശുവിനു പ്രിയനായവൻ

(ഒരു മാതൃകാധ്യാനം)

''മാർത്ത യേശുവിനോട്, കർത്താവേ! നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു! ഇപ്പോഴും നീ ദൈവത്തോട് എന്തപേക്ഷിച്ചാലും ദൈവം നിനക്കു തരും എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു'' (വി: യോഹന്നാൻ 11:21, 22)

1) Act of recollection (ദൈവസാന്നിദ്ധ്യബോധപരിശീലനം)

ആത്മാവിനെയും മനസ്സിനെയും ശരീരത്തെയും ദൈവത്തിൽ ഉറപ്പിച്ചു മററു സകലചിന്തകളെയും മനസ്സിൽനിന്നു ബഹിഷ്കരിക്കുക. മരിച്ച ലാസറിനെ വിളിച്ചുണർത്തുന്നതിനായി ബഥാന്യയിലേക്ക് എഴുന്നെള്ളിയ യേശുവിൽ മനസ്സു കേന്ദ്രീകരിക്കുക. ലാസർ രോഗിയായിത്തീന്നപ്പോൾ മാർത്തയും മറിയയും ഒരു ദൂതൻമുഖാന്തിരം കർത്താവിനെ അറിയിച്ചു.

''കർത്താവേ! നിനക്കു പ്രിയനായവൻ ദീനമായിക്കിടക്കുന്നു'' എന്നു് ആ ദൂതൻ പറഞ്ഞു,

യേശുതമ്പുരാൻ തൻെറ സ്നേഹിതനായ ലാസറിനെ കാണ്മാൻ എഴുന്നെള്ളി. താൻ ഗ്രാമത്തിലേക്കു പ്രവേശിക്കുന്നതിനുമുമ്പുതന്നെ മാർത്ത ഓടിവന്നു കർത്താവിൻെറ പാദങ്ങളെ—സമാധാനം സംവഹിച്ചുകൊണ്ടു പർവ്വതങ്ങളിൽ കൂടിവരുന്ന ആ മനോഹരതൃപ്പാദങ്ങളെ—പ്രണമിച്ചുകൊണ്ടു പറഞ്ഞു:

"യേശുവേ! നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എൻെറ സഹോദരൻ മരിക്കയില്ലായിരുന്നു".

ഈ ദൃശ്യം മനസ്സിൽ കാണുക. നാം യേശുതമ്പുരാൻെറ ശിഷ്യഗണത്തോടു ചേർന്നുനില്ക്കുന്നതായി നിരൂപിക്കുക.

2) രൂപീകരണം.

നമ്മുടെ ആത്മാക്കളെ ഓരോ ബഥനിയായി ചിന്തിക്കുക. അവിടെ രോഗിയായോ മരിച്ചുതന്നെയോ കിടക്കുന്ന ആത്മാവിനെ, യേശുവിൻെറ സ്നേഹിതനെ സന്ദർശിക്കുവാൻ ഇതാ ദൈവത്തിൻെറ കുഞ്ഞാടുവന്നു വാതുക്കൽ മുട്ടുന്നു. തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവൎക്കും ശാന്തിയും സമാധാനവും ഒഴുക്കിക്കൊടുക്കുവാൻ ഒരുങ്ങിനില്ക്കുന്ന കരുണാസമുദ്രമായ കർത്താവിൻെറ മനോഹരമായ പാദയുഗ്മങ്ങളിൽ വീണു വന്ദിച്ചു നമുക്കും പറയാം.

"കർത്താവേ നീ ഇവിടെ (നിൻെറ ബഥനിയായ എൻെറ ആത്മാവിൽ) ഉണ്ടായിരുന്നെങ്കിൽ എൻെറ സഹോദരൻ (ആത്മാവു്) മരിക്കയില്ലായിരുന്നു."

പാപികളുടെയും രോഗികളുടെയും അടുത്തേക്കു സമാധാനവും ആശ്വാസവും സംവഹിച്ചുകൊണ്ടു കടന്നുചെന്ന യേശു എൻെറ ഹൃദയകവാടത്തിൽ കാത്തുനില്ക്കയാണു്. ഇന്നു ഞാൻ വാതിൽ തുറക്കും. എൻെറ രോഗബാധിതനായ സഹോദരനെ യേശുവിൻെറ മുമ്പിൽ സമർപ്പിക്കും,

3) Body of Meditations

യേശുതമ്പുരാൻ ബഥനിയിൽനിന്നു ദൂരെയായിരുന്നപ്പോൾ ലാസർ രോഗിയായിത്തീർന്നു. എൻെറ സ്നേഹക്കുറവും, ഹൃദയകാഠിന്യവുംമന്ദഭക്തിയുംനിമിത്തം യേശുനാഥൻ എൻെറ ആത്മാവിൽനിന്നു് അകലെയായിരുന്നു. ഇതാ എൻെറ ആത്മാവു രോഗിയായിത്തീന്നിരിക്കുന്നു. ലാസറിനു രോഗം ബാധിച്ചപ്പോൾ ആ സഹോദരിമാർ കത്താവിൻെറയടുത്തു പറഞ്ഞയച്ചു.

"കത്താവേ നിനക്കു പ്രിയനായവൻ രോഗിയായിക്കിടക്കുന്നു." എത്ര മനോഹരമായ വാചകം.

അവരുടെ പ്രിയപ്പെട്ട സഹോദരൻെറ മരണകരമായ ദീനമറിയേണ്ടതു് ഒരാൾമാത്രം. ആവശ്യങ്ങളുടെ നീണ്ട ഒരു പട്ടിക അവർ എഴുതിയില്ല. ഒരു ചെറിയ വാചകം. യേശുവിലുള്ള സ്നേഹം, വിശ്വാസം, പ്രത്യാശ ഇവ മൂന്നും ഒരു വാചകത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. യേശുതമ്പുരാൻ ആവശ്യമായതു ചെയ്യുമെന്നു് അവർ വിശ്വസിച്ചു. താൻ അതിനു കഴിവുള്ളവനാണു്. അനേകം രോഗികൾക്കു് ആശ്വാസംനല്കിയ യേശു തൻെറ സ്നേഹിതനായ ലാസറിനെയും സുഖപ്പെടുത്തുമെന്നു് അവർ പ്രത്യാശിച്ചു. അവരുടെ സ്നേഹം മുഴുവൻ, പ്രത്യാശ മുഴുവൻ, യേശുവിലായിരുന്നു.

ഞാൻ ഒന്നു പരിശോധിക്കട്ടെ. എൻെറ ആത്മാവിൻെറ സ്ഥിതിയെന്തു്? അതു് ഇപ്പോഴും ജീവിക്കുന്നുവോ? അതോ രോഗത്തിലായി ജീവിക്കുന്നുവോ? എൻെറ ആത്മാവു പാപരോഗം പിടിച്ചിരിക്കുന്നു. ഞാനും ഒരു വാക്കു് ഇന്നു് എൻെറ യേശുവിനോടു പറഞ്ഞയയ്ക്കും.

"കത്താവേ നിനക്കു പ്രിയനായവൻ—എൻെറ ആത്മാവു്—രോഗത്തിൽ മൃതപ്രായനായിരിക്കുന്നു. വന്നു് അതിനെ സുഖപ്പെടുത്തണമേ."

മനുഷ്യരുടെ ആത്മാക്കൾ നാലുവിധത്തിൽ ഉള്ളവയാണ്.

1) ജീവിക്കുന്ന ആത്മാക്കൾ

ദൈവസംസർഗ്ഗത്തിലും സ്നേഹത്തിലും ജീവിക്കയും കൃപയിൽ അഭിവൃദ്ധിപ്പെടുകയും ആത്മസന്തോഷം അനുഭവിച്ചു മററുള്ളവർക്ക് അതു പകർന്നുകൊടുക്കുകയും ചെയ്യുന്ന മനുഷ്യരെ ചിലപ്പോഴെങ്കിലും നാം കാണാറുണ്ടല്ലോ. നല്ല ജീവിതം (life) ഉള്ളവരെന്ന് അവരെക്കുറിച്ചു പറയും.

സകലത്തിലും മേലായി ദൈവത്തെ സ്നേഹിക്കുകയും തൻെറ മഹത്വത്തിനുവേണ്ടി ജീവിക്കുകയുംചെയ്യുന്ന ഈ വിശുദ്ധന്മാർ അറിയപ്പെടാതെ ജീവിക്കുവാൻ ആഗ്രഹിക്കുന്നു. ബാലിനു മുട്ടുമടക്കാത്ത 7000 പേരെപ്പോലെ പ്രയാസങ്ങളുടെയും പീഡനങ്ങളുടെയും രോഗങ്ങളുടെയും വേദനകളുടെയും നടുവിലും അവരുടെ ആത്മാക്കൾ യേശുവുമായുള്ള മധുരസമ്പർക്കത്തിൽ ഏർപ്പെട്ടിരിക്കും.

2) രോഗബാധിതമായ ആത്മാക്കൾ

ആത്മീയകാര്യങ്ങളിൽ അലസരായി പാപവഴികളിൽക്കൂടി ലൗകികമായ ആനന്ദം കണ്ടെത്തുവാൻ ശ്രമിക്കുന്നവർ.

ഇവരുടെ ആത്മാക്കൾ രോഗബാധിതങ്ങളാണ്. രോഗത്തെ ശമിപ്പിക്കുന്ന വി: കുദാശകൾ അവക്കു വിരക്തമാണ്. നല്ല വൈദ്യനായ യേശുവിൻെറ തിരുസന്നിധിയിലേക്കുവന്നാൽ അവരുടെ രോഗങ്ങൾ ഭേദമാകും.

3) പാപത്തിൽപ്പെട്ടു മരിച്ച ആത്മാക്കൾ

ദൈവകൃപയ്ക്കുപോലും പ്രചോദിപ്പിക്കുവാൻ കഴിയാത്ത, പാപത്തിൽ തഴകി നന്മകൾക്ക് ഒരിക്കലും സ്വാധീനപ്പെടുത്തുവാൻ കഴിയാത്തവർ.

ആത്മീയകാര്യങ്ങളെ സംബന്ധിച്ച് അവർ മരിച്ചുകഴിഞ്ഞു.

4) ചീഞ്ഞുനാറുന്ന ആത്മാക്കൾ.

തിന്മമാത്രം കാണുകയും പറയുകയും പ്രവർത്തിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന ചിലരുണ്ട്. അന്യരിലെ അല്പം തിന്മമാത്രംകണ്ട് അതുമാത്രം സംഭാഷണവിഷയമാക്കും ഇവർ. മററുള്ളവരെ കാലത്തും അകാലത്തും വിമർശിക്കുന്നതിൽ അവർ ആനന്ദം കണ്ടെത്തുന്നു. ആരെയെങ്കിലും കുററം പറയാതിരുന്നാൽ അവക്ക് ഒരു സമാധാനവുമില്ല. എവിടെയെങ്കിലും തിന്മയുണ്ടെങ്കിൽ അതു പ്രസിദ്ധപ്പെടുത്തുന്നതാണു ജീവിതോദ്ദേശ്യംതന്നെയെന്നു തോന്നിപ്പോകും. മരിച്ചു ദുർഗന്ധംവമിക്കുന്ന ആത്മാക്കളാണവർ.

ഈ നാലു വിഭാഗത്തിൽ ഏതിൽ എൻെറ ആത്മാവു് ഉൾപ്പെടുന്നു എന്നു ഞാൻ പരിശോധിക്കട്ടെ. ചീഞ്ഞഴുകിയ ഹീനമായ അവസ്ഥയിൽ ആയിരുന്നാൽപ്പോലും അതിനു ജീവനും പ്രകാശവും തരുവാൻ കഴിവും ഒരുക്കവുമുള്ള എൻെറ യേശുവിനോടു ഞാൻ അറിയിക്കും.

"നാഥാ നിനക്കു പ്രിയനായവൻ രോഗിയായിരിക്കുന്നു."

എൻെറ ആത്മാവിനെക്കുറിച്ചുമാത്രമല്ല, മററുള്ളവരുടെ—പ്രത്യേകമായ പാപരോഗത്താൽ ക്ലേശിക്കുന്നവരുടെ—ആത്മാക്കളെക്കുറിച്ചും ഞാൻ ഈ വാക്കുതന്നെ യേശുവിനോടു പറഞ്ഞറിയിക്കും. പാപികൾക്കുവേണ്ടി പൊതുവെയും, പ്രത്യേകമായി നമുക്കറിയാവുന്ന പാപികൾക്കുവേണ്ടിയും അവരുടെ മാനസാന്തരത്തിനായി യേശുവിനോടു മദ്ധ്യസ്ഥപ്രാത്ഥന നടത്തുകമാത്രമല്ല ശരീരപ്രകാരം രോഗത്തിലിരിക്കുന്നവക്കുവേണ്ടിയും പ്രാർത്ഥിക്കുക. ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ തീരാവ്യാധിയിൽ വേദന അനുഭവി

ക്കുന്നവക്കുവേണ്ടിയും കഷ്ടതയിലും പ്രയാസങ്ങളിലും ഇരിക്കുന്നവക്കുവേണ്ടിയും പ്രത്യേകാൽ നമുക്കറിയാവുന്ന രോഗികൾക്കുവേണ്ടിയും യേശുതമ്പുരാനോട്ട് ഒരു വാക്കു പറഞ്ഞയയ്ക്കുക.

4) എ. അനുതാപപ്രകടനം (Act of repentence)

യേശുതമ്പുരാൻെറ തൃപ്പാദങ്ങളിൽ നമസ്കരിച്ചുകൊണ്ടു ഹൃദയംപകരുന്ന മാർത്തയെ നോക്കുക. അവളോടൊന്നിച്ചു നമ്മുടെ അനുതാപം യേശുവിനെ അറിയിക്കാം.

"യേശുവേ! നീ എൻെറ ആത്മാവിൽ ഉണ്ടായിരുന്നെങ്കിൽ അതു പാപംചെയ്തു മരിക്കയില്ലായിരുന്നു. നിന്നെ മറന്നും നിരസിച്ചും ഞാൻ അനേകം പാപങ്ങൾചെയ്തു. അവയെക്കുറിച്ചു സങ്കടത്തോടെ ഞാൻ അനുതപിക്കുന്നു. യേശുവേ! എൻെറ അനുതാപം സ്വീകരിക്കണമേ."

ബി. പ്രത്യാശ (Act of hope)

ഇപ്പോഴും നീ ദൈവത്തോട്ട് എന്തപേക്ഷിച്ചാലും ദൈവം നിനക്കു തരും. പ്രത്യാശയുടെ കിരണങ്ങൾ ഈ അപേക്ഷയിൽ തെളിഞ്ഞുകാണാം. ലാസർ മരിച്ചു നാലു ദിവസമായി. എങ്കിലും യേശുതമ്പുരാൻ സർവ്വത്തിനും മതിയായവനായതിനാൽ മാർത്ത അവളുടെ പ്രത്യാശ കർത്താവിൽ സമർപ്പിക്കുകയാണ്. എൻെറ യേശുവേ! എൻെറ ആത്മാവു മരിച്ചു ചീഞ്ഞഴുകിപ്പോയി. എങ്കിലും അതിനെ ജീവിപ്പിക്കാൻ നിനക്കു കഴിയും.

"എനിക്കു മനസ്സുണ്ട്. ശുദ്ധനാക എന്നെൻെറ ആത്മാവിനോടു കല്പിക്കണമേ."

സി. സ്നേഹാർച്ചന (Act of love)

സാവധാനത്തിൽ മുഖമുയർത്തി യേശുവിൻെറ തിരുമുഖത്തേക്കു നോക്കുക. കാണാതെപോയതിനെ തേടി വന്ന

സ്നേഹനിധിയായ നല്ല ഇടയൻ, ആടുകൾക്കുവേണ്ടി ജീവൻ വെച്ച യേശുനാഥൻ.

എന്നോടുള്ള സ്നേഹത്താൽ, പിതാവിനോടുള്ള സമത്വത്തിൽ, മഹത്വത്തിൽ ഇരിക്കാൻ ആഗ്രഹിക്കാതെ താണിറങ്ങി മരണത്തോളം ക്രൂശിലെ മരണത്തോളംതന്നെ അനുസരണമുള്ളവനായിത്തീർന്നു. (ഫിലി. 2:8)

"ദൈവത്തിന്റെ കുഞ്ഞാടായ യേശുവേ! ഞാൻ നിന്നെ സ്നേഹിക്കുന്നു. കൂടുതൽ കൂടുതൽ നിന്നെ സ്നേഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ സ്നേഹത്തെ വർദ്ധിപ്പിക്കണമെ."

ഡി. സ്വയസമർപ്പണം (Act of dedication)

എന്റെ നാഥനായ പ്രിയപ്പെട്ട യേശുവേ! ഞാൻ എന്നെത്തന്നെ നിനക്കായി പ്രതിഷ്ഠിക്കുന്നു. നിനക്കുവേണ്ടി ജീവിക്കുന്നതിന്റെ പരമാനന്ദം എന്താണെന്നു് എന്നെ പഠിപ്പിക്കണമേ. ഞാൻ നിന്റേതുമാത്രമാകുന്നു. എന്റെ ശരീരവും മനസ്സും ആത്മാവും നിന്റേതാകയാൽ പൂർണ്ണമനസ്സോടും പൂർണ്ണശരീരത്തോടും പൂർണ്ണ ആത്മാവോടും ഞാൻ നിന്നെ സ്നേഹിച്ചാരാധിക്കുന്നു."

5

യേശുവിനുമാത്രം

"അപ്പോൾ മറിയ വിലയേറിയ സ്വച്ഛജടാമാംസി തൈലം ഒരുറാത്തൽ എടുത്തു് യേശുവിൻെറ കാലിൽ പൂശി. തന്റെ തലമുടികൊണ്ടു് കാൽ തുവത്തി. തൈലത്തിന്റെ സൗരഭ്യംകൊണ്ടു വീടുനിറഞ്ഞു"

(വി. യോഹന്നാൻ 12:3)

മരിച്ചവരുടെ ഇടയിൽനിന്നു യേശു ഉയിർത്തെഴുന്നേല്പിച്ച ലാസറിൻെറ ഭവനത്തിൽ ഒരു വിരുന്നു നടക്കുകയാണു്. നമുക്കും അവിടേക്കുപോകാം. യേശുവിനോടുകൂടി വിരുന്നിൽ പങ്കുകൊള്ളാം.

അതാ യേശുതമ്പുരാൻ ആ ഭവനത്തിൽ ഏററം ബഹുമാന്യമായ സ്ഥാനത്തിരിക്കുന്നു. തന്നെ ബഹുമാനിക്കുന്നതിനുവേണ്ടി ഒരുക്കപ്പെട്ട വിരുന്നാണിതു്. പരീശനായ ശെമയോൻെറ ഭവനത്തിൽ അപ്രധാനമായ സ്ഥാനത്തിരുന്ന യേശു ഇന്നു മാർത്തയുടെ വീട്ടിലെ ഏററം സ്നേഹിക്കപ്പെട്ട, ബഹുമാനിക്കപ്പെട്ട അതിഥിയാണു്. യേശുതമ്പുരാൻെറ വലതുഭാഗത്തു് ലാസറിനെ കാണാം. യേശുതമ്പുരാനെകാണാൻ മാത്രമല്ല അധികംപേരും വന്നതു്. അവൻ മരിച്ചവരുടെ ഇടയിൽനിന്നു് എഴുന്നേല്പിച്ച ലാസ

റിനെ കാണാനുംകൂടിയാണു് അവർ വന്നതു്. അനവധി ആളുകൾ ലാസറിനെകണ്ടു് യേശുവിൽ വിശ്വസിച്ചു. യേശുവിൻെറ തിരുസന്നിധിയിൽ, മരണത്തിൽനിന്നു രക്ഷ പ്രാപിച്ച ലാസറിനെകണ്ടപ്പോൾ അവർ യേശുവിൽ വിശ്വസിച്ചു. ലാസർ പ്രസംഗിച്ചില്ല. യേശുവിൻെറ അടുത്തിരിക്കമാത്രം ചെയ്തു.

എൻെറ ആത്മാവേ! നീ ഈ പാഠം പഠിക്കുമോ? പാപത്തിൽനിന്നു് ഉയിർത്തു് യേശുവിൻെറ അടുത്തു് നീ ഇരിക്കുന്നതു കാണുന്നവർ യേശുവിൽ വിശ്വസിക്കും. ഇതാ നിന്നെ യേശു വിളിക്കുന്നു.

"ലാസറേ പുറത്തുവരിക" എന്നുകല്പിച്ച കർത്താവ് നിന്നെ വിളിക്കുന്നു.

നീ പാപത്തിൽനിന്നു് എഴുന്നേററാൽ വി. ക്രോബ്ബാനോസിന്മേൽ നിനക്കായി ഒരുക്കപ്പെടുന്ന ആ സ്വർഗ്ഗീയ വിരുന്നിൽ സംബന്ധിക്കുക. യേശുവിൻെറ സമീപത്തിരിക്കുക. യേശുവിനെ ആരാധനയുടെ കേന്ദ്രസ്ഥാനത്തു വി: ബലിപീഠത്തിൽ നിനക്കുകാണാം. ഈ വിരുന്നിൽ സംബന്ധിച്ചു് യേശുവിൻെറ വലതുഭാഗത്തു് നീ ഇരിക്കുമ്പോൾ ആയിരമായിരങ്ങൾ നിന്നെകണ്ടു് യേശുവിൽ വിശ്വസിക്കും.

നോക്കൂ! മറിയ സാവധാനത്തിൽ വിരുന്നുശാലയിൽ നിന്നു പിൻവാങ്ങുന്നു. നമുക്കവളെ അനുഗമിക്കാം. അവൾ അവളുടെ മുറിയിൽ എത്തി. തൻെറ സ്വന്തം മുറിയിൽ സൂക്ഷിച്ചിരുന്ന ഒരു പെട്ടിതുറന്നു് ഒരു കുപ്പി പുറത്തെടുക്കുന്നു. അതിന്മേൽ ഒരു ലേബൽ ഒട്ടിച്ചിരിക്കുന്നു:

"For Jesus alone" (യേശുവിനുമാത്രം). അന്നത്തെ വിരുന്നുസൽക്കാരത്തിൽ സംബന്ധിച്ച അതിഥികൾക്കെല്ലാം അവർ പരിമളം പൂശിയതാണു്. പക്ഷെ കിട്ടാവുന്നതിൽ

വച്ചേററം വിലയേറിയ ഈ പരിമളതൈലം അവൾ യേശുവിനുവേണ്ടിമാത്രം കരുതി സൂക്ഷിച്ചുവച്ചു. യഹൂദമര്യാദപ്രകാരം വിരുന്നുശാലയിൽ ക്ഷണിക്കപ്പെട്ടവരുടെമേൽ പരിമളതൈലം പൂശണം (വി: ലൂക്കോസ് 7:46).

അവൾ സാവധാനം നടന്നു യേശുതമ്പുരാന്റെ തൃപ്പാദത്തിങ്കൽ മുട്ടുകുത്തി. അവളുടെ കുപ്പിതുറന്ന് ആ തൈലം യേശുവിന്റെ തൃപ്പാദത്തിങ്കൽ ഒഴുക്കി. പാദങ്ങളെ തലമുടികൊണ്ടു തുവർത്തി. അതിന്റെ സൗരഭ്യംകൊണ്ടു വീടു മുഴുവൻ നിറഞ്ഞു.

എന്റെ ആത്മാവേ! നിന്റെ മുറിയിൽ നിന്റെ ആത്മാവിന്റെ അടിത്തട്ടിൽ ഒരുകുപ്പി പരിമളതൈലം യേശുവിനായി നീ വേർതിരിച്ചുവെച്ചിട്ടുണ്ടോ? മററാക്കും അവകാശപ്പെടാത്ത സ്നേഹം. മറിയയോടൊന്നിച്ചു നീയും യേശുവിന്റെ തൃപ്പാദത്തിങ്കൽ മുട്ടുകുത്തി നിന്റെ ഹൃദയമാകുന്ന കുപ്പിതുറന്ന് ആ സ്നേഹം യേശുവിന്റെ ചേവടിയിലേക്കു വീഴ്ത്തുമോ? യേശുവേ! എന്റേതുമാത്രമായ യേശുവേ! ഞാൻ നിന്നെ സ്നേഹിക്കുന്നു. ഹൃദയം ഉരുകി സ്നേഹിക്കുന്നുവെന്ന് ഒന്നു പറയുമോ?

അന്ന് ആ പരിമളതൈലം അടക്കംചെയ്തിരുന്ന കുപ്പി തുറന്നു യേശുവിന്റെ തിരുമേനിയെ മറിയ അഭിഷേകം ചെയ്തപ്പോൾ ആ വീടുമുഴുവൻ നിറഞ്ഞു. രണ്ടായിരം വർഷങ്ങൾക്കുമുമ്പുചെയ്ത ആ സ്നേഹപ്രകടനത്തിന്റെ സൗരഭ്യം ഇന്നും ഈ ഭവനത്തിൽ, ഈ സഭയിൽ മുഴുവൻ നിറഞ്ഞു നില്ക്കുകയാണ്. നസറായനായ യേശുവിന്റെ സുവിശേഷം പ്രസംഗിക്കപ്പെടുന്ന സ്ഥലത്തെല്ലാം ആ സൗരഭ്യം വഴിഞ്ഞൊഴുകും. അതനുഭവിക്കുന്നവരുടെ ഹൃദയം ആനന്ദിക്കും. രണ്ടായിരം വർഷങ്ങളായി ഈ സ്നേഹം—അതേ യേശുവി

നുവേണ്ടി പ്രത്യേകം കരുതിവെച്ച സ്നേഹം— പ്രകീത്തിക്കപ്പെടുകയും അനുകരിക്കപ്പെടുകയും ചെയ്യുന്നു.

ഹാ! ഇന്നു് ഒരു മറിയ ഉണ്ടായിരുന്നെങ്കിൽ. ഹൃദയം നിറഞ്ഞ സ്നേഹം യേശുവിനുവേണ്ടിമാത്രം സൂക്ഷിച്ചുവെച്ച ഒരു മറിയ ഉണ്ടായിരുന്നെങ്കിൽ! ഈ സ്നേഹത്തിൻെറ സുഗന്ധംകൊണ്ടു ലോകം മുഴുവൻ നിറയുമായിരുന്നു. എൻെറ യേശുവേ! എൻെറ ആത്മാവിനെ സ്നേഹംകൊണ്ടു നിറയ്ക്കണമേ. എൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽ മററു സകല സ്നേഹത്തെയുംകാളും വിഭിന്നമായ, മനോഹരമായ, സ്നേഹം നിനക്കായി കരുതിവയ്ക്കുവാൻ എനിക്കിടയാക്കണമേ. അപ്പോൾ ഞാൻ നിൻെറ അടുത്തുവന്നു് അതു മുഴുവൻ നിനക്കായി പകരും. ഇതാ ഞാൻ ഇപ്പോൾ മറിയയെപ്പോലെ പൂണ്ണഹൃദയത്തോടെ നിന്നെ സ്നേഹിക്കുന്നു. എൻെറ ആത്മാവും ശരീരവും മനസ്സും നിന്നോടുള്ള സ്നേഹത്താൽ ജ്വലിക്കുന്നു. നിൻെറ തൃപ്പാദത്തിങ്കൽ എന്റെ സ്നേഹംവന്നു പതിക്കുമ്പോൾ സ്വഭാവത്തിൻെറ ദുർഗന്ധം ഉള്ളതാണെങ്കിൽപ്പോലും അതു് എൻെറ സ്നേഹം പരിശുദ്ധമായിത്തീരുകയും അതിൻെറ സൗരഭ്യംകൊണ്ടു വീടു മുഴുവൻ നിറയുകയുംചെയ്യുമെന്നു ഞാനറിയുന്നു. അതിനാൽ എൻെറ നാഥാ നിന്നെ സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

6

എഴുന്നേററുപോവുക

"അവൾപോയി സഹോദരിയായ മറിയയെ സ്വകാര്യമായി വിളിച്ച് അവളോട്, ഗുരു വന്നിരിക്കുന്നു. നിന്നെ വിളിക്കുന്നു എന്നുപറഞ്ഞു. അവൾ പെട്ടെന്ന് എഴുന്നേററ് അവന്റെ അടുക്കൽവന്നു".

(വി: യോഹന്നാൻ 11:28,29)

ബഥനിയിലെ സങ്കടംനിറഞ്ഞ വീട്ടിലെ സ്നേഹിതരെ അന്വേഷിച്ച് യേശുവന്നു. മാർത്ത ഗ്രാമത്തിന്റെ അതിർത്തിയിൽവെച്ചു തന്നെ എതിരേററു സ്വീകരിച്ചു. സ്വസഹോദരന്റെ വേർപാടിനാൽ തകർന്ന ഹൃദയത്തോടെ അവൾ യേശുതമ്പുരാന്റെ തൃപ്പാദങ്ങളിൽ വീണു നമസ്കരിച്ചു. താൻതന്നെ ഉയിർപ്പും ജീവനുമാകുന്നു എന്നും തന്നിൽ വിശ്വസിക്കുന്ന എല്ലാവരും ഈലോകത്തിനപ്പുറം നിത്യമായ സൗഭാഗ്യംനിറഞ്ഞ ലോകത്തിൽ എന്നുമെന്നും ജീവിക്കുമെന്നും ഉള്ള സുവിശേഷത്തെ കർത്താവ് അവൾക്കു വെളിപ്പെടുത്തി. സാവധാനത്തിൽ അവൾ പിന്നോക്കം തിരിഞ്ഞുനടന്നു വീട്ടിലെത്തി, മറിയയെ വിളിച്ച് സ്വകാര്യമായി മന്ത്രിക്കുകയാണ്:

"നമ്മുടെ ഗുരു വന്നിട്ടുണ്ട്. നിന്നെ വിളിക്കുന്നു. അവൻ നിനക്കായി കാത്തുനില്ക്കുന്നു".

പെട്ടെന്നു മറിയ എഴുന്നേററ് കത്താവിൻെറ തിരു സന്നിധിയിൽഎത്തി ജ്യേഷ്ഠത്തിയെ അനുകരിച്ച് തൃപ്പാദങ്ങളിൽ നമസ്കരിച്ചു. ഈ മനോഹരമായ കാഴ്ച ഹൃദയ നയനങ്ങളാൽ കാണുവാൻ ശ്രമിക്കുക.

എൻെറ ആത്മാവേ! നിൻെറ ഹൃദയത്തിലേക്കെഴുന്നെള്ളുവാൻ കാത്തുനില്ക്കുന്ന യേശുവിനെ കാണുക. ഗ്രാമത്തിൽ പ്രവേശിക്കാതെ മറിയക്കുവേണ്ടി കാത്തുനില്ക്കുന്ന യേശുവിനെ കാണുക. ഗ്രാമത്തിൽ പ്രവേശിക്കാതെ മറിയക്കു വേണ്ടി കാത്തുനിന്നതുപോലെ നിൻെറ ഉൾത്തളത്തിലെ ബഥാന്യയിലേക്കു പ്രവേശിക്കുവാനായി ആഗ്രഹിക്കുന്ന യേശുവിനെ നോക്കുക. ഇതാ ഒരു മധുരശബ്ദം:

"നിൻെറ ഗുരു വന്നിരിക്കുന്നു. നിന്നെ വിളിക്കുന്നു. ഒന്ന് എഴുന്നേല്ക്കുമോ? ആത്മാവേ! നീ എഴുന്നേററു് യേശുവിൻെറ. നിൻെറ ഗുരുവിൻെറ സന്നിധിയിലേക്കു പോകുമോ?"

പാപത്തിൻെറ ഭാരവും വ്യഥയും ഉപേക്ഷിക്കുക. ആശയും അനുഗ്രഹവും സംവഹിച്ചുകൊണ്ട് നിൻെറയടുത്തേക്കുവന്നിരിക്കുന്ന ദിവ്യഗുരുവിൻെറ സന്നിധിയിലെത്തി ആ മനോഹര തൃപ്പാദങ്ങളിൽ, അതെ സ്വർഗ്ഗീയ സീയോനിൽനിന്നുള്ള സമാധാനം വഹിച്ചുകൊണ്ട് ഭൗമികസീയോൻ പർവ്വതങ്ങളിലൂടെ നടന്നുകുന്ന ആ തിരുചരണങ്ങളിൽ നിന്നെത്തന്നെ പ്രതിഷ്ഠിക്കുക.

ഗുരു വന്നിരിക്കുന്നു. നിന്നെ വിളിക്കുന്നു. എൻെറ ആത്മാവേ ഗുരു വന്നിരിക്കുന്നു. നിന്നെ വിളിക്കുന്നു.

യേശുനാഥൻ ഗ്രാമത്തിൽ പ്രവേശിക്കാതെ മാത്രം തന്നെ എതിരേററസ്ഥലത്തു് മറിയയെ പ്രതീക്ഷിച്ചുനിന്നു.

അവൾ വരുമെന്നു് തനിക്കറിയാമായിരുന്നു. വീട്ടിൽചെന്നു് അവളെ വിളിച്ചു് എഴുന്നേല്പിക്കാതെ, അവൾ എഴുന്നേററു് തൻെറ സന്നിധാനത്തിലേക്കണയുമെന്നു് അരുമനാഥൻ ആഗ്രഹിച്ചു. ഇതാ ബഥാന്യയിലെ മറിയയും എഴുന്നേററ് തൻെറയടുക്കൽ വരുവാൻ കാത്തുനില്ക്കുന്നു.

യേശു ഗ്രാമത്തിലേക്കുവന്നപ്പോൾ മാത്ത തനിയെയാണു് അവനെ സ്വീകരിക്കാൻ ഓടിയെത്തിയതു്. അവളുടെ കണ്ണുനീരും ദുഃഖവുംകണ്ടു് മനസ്സുതകന്നെങ്കിലും ലാസറിൻെറ ശവകുടീരത്തിലേക്കു് യേശു പോയില്ല. ഗുരു നില്ക്കുന്നതെന്തിനാണെന്നു് അവൾക്കു മനസ്സിലായി. പെട്ടെന്നു് അവൾ പിന്നോക്കം തിരിഞ്ഞോടി. വീട്ടിലെത്തി. കരഞ്ഞുകൊണ്ടിരുന്ന മറിയയെ വിളിച്ചു് സ്വകാര്യമായിപ്പറഞ്ഞു.

"ഗുരു വന്നിരിക്കുന്നു. നിന്നെ വിളിക്കുന്നു". മറിയ എഴുന്നേററു. രണ്ടുപേരുംകൂടി കത്താവിൻെറയടുത്തുവന്നു. മാത്തപറഞ്ഞ വാചകംതന്നെ മറിയയും പറഞ്ഞു:

"നാഥാ! നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എൻെറ സഹോദരൻ മരിക്കയില്ലായിരുന്നു".

"അവനെ എവിടെ വച്ചിരിക്കുന്നു" എന്നുചോദിച്ചുകൊണ്ടു് യേശു നടന്നു.

ഒരുമനുഷ്യനു പ്രവത്തിക്കുന്ന ശരീരവും ചിന്തിക്കുന്ന മനസ്സും ആത്മാവും ഉണ്ടു്. പാപംചെയ്യുമ്പോൾ ആത്മാവു് മരിക്കും, ലാസർ മരിച്ചതുപോലെ. ഈ സഹോദരനുവേണ്ടി നമ്മുടെ മാത്ത (ശരീരം)മാത്രം അപേക്ഷിച്ചാൽ പോരാ. ശരീരവും മനസ്സും (മാത്തയും മറിയയും)കൂടെ ഒരേ ശബ്ദത്തിൽ ആത്മാവിനുവേണ്ടി (ലാസർ) അപേക്ഷിക്കണം. മനസ്സു് ഇതരകാര്യങ്ങളിൽ വ്യാപൃതമായിട്ടു് അധരംകൊണ്ടുമാത്രമുള്ള പ്രാത്ഥന ദൈവം സ്വീകരിക്കയില്ല.

അതിനാൽ മനസ്സും ശരീരവും ഒരുമിച്ച് ഏകശബ്ദത്തിൽ ആത്മാവിനുവേണ്ടി പ്രാർത്ഥിക്കണം. അപ്പോൾ, അപ്പോൾ മാത്രം ആത്മാവിൻെറ അടുത്തേക്കു യേശുവരും.

എൻെറ ആത്മാവേ നീയും എഴുന്നേററുപോകണം. യേശുനാഥൻ നിന്നെ ബലമായി പിടിക്കയില്ല. നിനക്കു വേണ്ടി അവൻ കാത്തിരിക്കും. മുടിയൻ പുത്രൻെറ അപ്പൻ അവനുവേണ്ടി കാത്തിരുന്നതുപോലെ. ഓമനപുത്രൻെറ തിരിച്ചുവരവിനായി പിതാവു് കാത്തിരുന്നു. ദൂരെവച്ചു തന്നെ അവനെ തിരിച്ചറിഞ്ഞു് ഓടിച്ചെന്നു മാറോടണച്ചു. ആ പുത്രൻ എഴുന്നേററു് അപ്പൻെറ വീട്ടിലേക്കു പോകാതിരുന്നെങ്കിൽ അവനു് ഒരിക്കലും അപ്പൻെറ സ്നേഹംനിറഞ്ഞ ഹൃദയത്തിൻെറ ചൂടു് അറിയുവാൻ സാധിക്കുമായിരുന്നില്ല. പിതൃഭവനത്തിലെ സന്തോഷവും സമാധാനവും അനുഭവിക്കുവാൻ ഇടയാകുമായിരുന്നില്ല.

മഗ്ദലന എഴുന്നേററു്, നിന്ദനങ്ങളും അവമാനങ്ങളും സഹിപ്പാൻവേണ്ടി ശീമോൻെറ വീട്ടിലേക്കു് ഒരുങ്ങിപ്പോയില്ലായിരുന്നെങ്കിൽ, ''സമാധാനത്തോടെ പോവുക'' എന്ന മധുരസ്വരം അരുമനാഥനിൽനിന്നും കേൾക്കുവാൻ ഇടയാകുമായിരുന്നില്ല. സ്നേഹഗീതവും ആലപിച്ചുകൊണ്ടു് അവളെത്തേടിവന്ന സ്വർഗ്ഗീയമണവാളൻ്റെ മണിയറയിൽ നിത്യവിശ്രമം അനുഭവിക്കുവാൻ സാധിക്കുമായിരുന്നില്ല.

ബഥനിയിലെ മറിയാം എഴുന്നേററു് യേശുവിൻെറ സന്നിധിയിൽ എത്താതിരുന്നെങ്കിൽ അവളുടെ സഹോദരൻ ജീവിക്കുമായിരുന്നില്ല.

ആത്മാവേ! നീ മനസ്സിലാക്കുന്നുണ്ടോ? ഇതാ നിന്നെ കാത്തു നിൻെറ ഹൃദയനാഥൻ നിൽക്കുന്നു. എഴുന്നേററുപോവുക. നീ ആയിരിക്കുന്ന ദുഃഖഭവനത്തിൽനിന്നു്, നിൻെറ

പാപച്ചെളിനിൽനിന്നു്, അശുദ്ധഭാവനകളാകുന്ന പന്നി കളുടെ ഇടയിൽനിന്നു് എഴുന്നേൽക്കുക.

നിന്നെ സ്നേഹിച്ചു് നിൻെറ തിരിച്ചുവരവിനായി കാത്തിരിക്കുന്ന യേശുതമ്പുരാൻെറ തിരുസന്നിധിയിൽ വന്ന ണയുക. നിൻെറ ആശ്രയം അവിടെത്തന്നെ. നിൻെറ സ്നേഹം അനുതാപത്തോടെ അവനു സമർപ്പിക്കുക.

എൻെറ നാഥാ! എൻെറ ദൈവമെ പിതാവിനോടുള്ള സമതപത്തിൽ ഇരിക്കാൻ ആഗ്രഹിക്കാതെ പാപിയായ എന്നെത്തേടിവന്ന അരുമരക്ഷകാ ഞാൻ ഇതാ വരുന്നു. എൻെറ സകല പാപങ്ങളെയും ഉപേക്ഷിച്ചു നിൻെറ പിന്നാലെ എന്നുമെന്നും യാത്രചെയ്തു് നിൻെറ പിതാവിൻെറ ഭവനത്തിൽ നീ എനിക്കായി ഒരുക്കിയിട്ടുള്ള ആ മോഹനസൗധത്തിൽ നിൻെറകൂടെ പാക്കുവാൻ ആഗ്രഹിച്ചു ഞാൻ വരുന്നു. മഹാപാപിയായ എന്നോടു കരുണ ചെയ്യണമേ. എൻെറ നാഥാ! എന്നോടു മനസ്സലിവുതോന്നണമേ.

ഓ! യേശുവേ സകല ആശകളുടെയും കേന്ദ്രമായി ഞാൻ അങ്ങയെ തെരഞ്ഞെടുത്തിരിക്കുന്നു. നിന്നിൽ മാത്രം ഞാൻ ശരണപ്പെടുന്നു. എന്നെ വീണ്ടെടുപ്പാൻ കഴിയുന്ന ഏക രക്ഷകൻ നീ മാത്രം ആയതിനാൽ യേശുവേ! ഞാൻ നിന്റെ കരുണയിലും സ്നേഹത്തിലും എന്റെ പ്രത്യാശ സമർപ്പിക്കുന്നു.

നാഥാ! ഞാൻ നിന്നെ സ്നേഹിക്കുന്നു. നിന്നെമാത്രം. എൻെറ ആത്മനാഥാ! ആത്മീയസൗന്ദര്യത്താൽ തിളങ്ങുന്ന യേശുദേവാ, നിൻെറ തിരുഹൃദയത്തിൽനിന്നു് ഒഴുകിയ ചോരയിൽ എൻെറ സ്നേഹത്തെ ശുദ്ധീകരിക്കണമെ. നിന്നെ സ്നേഹിക്കുന്നതു് എത്ര പരമാനന്ദമാണെന്നു് എന്നെ മനസ്സിലാക്കണമേ.

Jesus I love, you. My Jesus I love you. യേശുവേ... എൻെറ യേശുവേ.. ഞാൻ നിന്നെ മാത്രം സ്നേഹിക്കുന്നു.

എനിക്കുവേണ്ടി എൻെറ തിരിച്ചുവരവിന്നായി കാത്തു നിൽക്കുന്ന ദേവകുമാരാ. ഇതാ ഞാൻ എന്നെത്തന്നെ നിനക്കായി സമർപ്പിക്കുന്നു. നിൻേറതുമാത്രമാണ് ഞാൻ എന്നു ചിന്തിക്കുമ്പോൾ എൻെറ ഹൃദയം ആനന്ദാതിരേകത്താൽ വിങ്ങിപ്പൊട്ടുന്നു. ഹാ! നിൻേറതുമാത്രമായി എന്നുമെന്നും എനിക്കു നിലനിൽക്കുവാൻ കഴിഞ്ഞെങ്കിൽ! ഇന്നേവരെ ഞാൻ ചെയ്തുപോയ സകല പാപങ്ങൾക്കുംവേണ്ടി മാപ്പപേക്ഷിച്ചുകൊണ്ട് എൻെറ നാഥാ ഇതാ ഞാൻ എന്നെ മുഴുവനായി നിനക്കുതരുന്നു. എൻെറ ഈ കാഴ്ചയെ എൻെറ യേശുവേ, നീ സ്വീകരിച്ച് എന്നെ ആശ്വസിപ്പിക്കണമേ.

എൻെറ ആത്മാവേ! യേശുവിൻേറതു് എന്നു നീ സ്വയം മനസ്സിലാക്കുന്നതു് എത്ര മനോഹരമെന്നു് നീ അറിയുന്നുവോ? നിന്നെ കാത്തുനിൽക്കുന്ന അവൻെറ സന്നിധാനത്തിലേക്കു പോകുന്നതു് എത്ര സൗഭാഗ്യമെന്നു നീ മനസ്സിലാക്കുന്നുവോ? എങ്കിൽ ഇതാ നിനക്കു് ഒരു സുവർണ്ണാവസരം കൈവന്നിരിക്കുന്നു. എഴുന്നേററു പോവുക.

7

പുറത്തുവരു

വി. യോഹന്നാൻ. 11:43

ചീഞ്ഞുനാറുന്ന ഒരു ജഡം ഉൾക്കൊള്ളുന്ന ഒരു ശവകടീരം ലാസറിൻെറ കല്ലറ. അതിൻെറ മുമ്പിൽ കണ്ണീരൊഴുക്കിക്കൊണ്ടുനില്ക്കുന്ന യേശുനാഥൻ. മുറയിടുന്ന ഒരു കൂട്ടം സ്ത്രീകളും, ഉററുനോക്കുന്ന കുറെ കണ്ണുകളും അവിടെയുണ്ട്.

ദു:ഖം തളംകെട്ടിനില്ക്കുന്ന അന്തരീക്ഷം. അരുമനാഥന്റെ നിറഞ്ഞൊഴുകുന്ന മിഴികൾ ഉന്നതങ്ങളിലേക്കുയർന്നു. പറന്നുയർന്നുപോയ ജീവനെ വിളിച്ചിറക്കുവാൻ പിതാവിനോട്ട് അനുവാദം അപേക്ഷിച്ചിട്ട് കർത്താവു പറയുകയാണ്: "ആ കല്ലു മാററുവിൻ." ലാസറിൻെറ മരിച്ചഴുകിയ ശരീരത്തെ ദൃഷ്ടിയിൽനിന്നു മറയ്ക്കുന്ന കല്ലിനെ ഒന്നു മാററുവിൻ.

എൻെറ ആത്മാവേ! യേശുനാഥൻ എത്രപ്രാവശ്യം നിന്നോടു ശോകം നിറഞ്ഞ സ്വരത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. നിൻെറ ഹൃദയകവാടത്തിലെ ആ കല്ലൊന്നു മാററുവാൻ. പാപരോഗത്താൽ മരിച്ചഴുകി ദുർഗന്ധം വമിക്കുന്ന നിൻെറ ഉള്ളിലേക്ക് കർത്താവു കുനിഞ്ഞുനോക്കുമ്പോൾ

തന്റെ ദർശനത്തെ നിന്നിൽനിന്നു നിരോധിക്കുന്ന ആ 'ശില', നിന്റെ മുറുകെപ്പററുന്ന പാപം ഒന്നു മാററുവാൻ ഇന്നിതാ അവൻ വീണ്ടും അപേക്ഷിക്കയാണു്.

നിന്റെ സ്നേഹിതനായ ലാസർ—നിന്റെ ആത്മാവു് —മരിച്ചതിൽ യേശുനാഥൻ ദുഃഖംപൂണ്ടു പറയുന്നു:

"ആ കല്ലു് ഒന്നു മാററുക" എന്നു്.

ആത്മാവേ! നിന്റെ വാതുക്കൽ മുട്ടിവിളിക്കുന്ന യേശുവിന്റെ ഇമ്പമാന്ന സ്വരംകേട്ടു് വാതിൽ തുറക്കുക. അവൻ നിന്നിലേക്കു് ഉററുനോക്കട്ടെ. നിന്റെ യഥാർത്ഥസ്ഥിതി ഒന്നു മനസ്സിലാക്കട്ടെ. നിന്നെ തന്നിൽനിന്നു മറച്ചുനിറുത്തുന്ന, നിന്റെ മുറുകെപ്പററുന്ന പാപമാകുന്ന പാറക്കല്ലിനെ തള്ളിയകററാതെ, ശീമോൻ പത്രോസിനെ വ്യഥയോടെ നോക്കിയ ആ കണ്ണുകൾക്കു നിന്നെ നോക്കാനോ, വിളിച്ചുണത്താനോ സാദ്ധ്യമാവുകയില്ല. ആകയാൽ ആ കല്ലു മാററുക.

കേവലം ഒരു വാക്കു കല്പിച്ചിരുന്നെങ്കിൽ ആ പാറ സ്വയം ഉരുണ്ടു മാറുമായിരുന്നു. എന്നാൽ തന്റെ ശിഷ്യന്മാരോടാണു് താൻ ആജ്ഞാപിക്കുന്നതു് ആ ശിലയെ ഉരുട്ടിമാററുവാൻ. ഇന്നും കല്ലു് ഉരുട്ടിമാററുവാൻ തനിക്കു ചിലരെയെല്ലാം ആവശ്യമുണ്ടു്. മററുള്ളവരുടെ ആത്മാക്കളിൽനിന്നും പാപഭാരത്തെ ഉരുട്ടിമാററി അനുതാപത്തിലേക്കാനയിച്ചു് യേശുവിന്റെ തിരുസന്നിധിയിലെത്തിക്കുന്നതിനു് എന്നെയും യേശുവിനു് ആവശ്യമുണ്ടു്. എന്റെ നാഥാ! നിന്റെ പാർശ്വത്തിൽ നിന്നുകൊണ്ടു്, നിനക്കു വേണ്ടി നിന്റെ ആത്മാക്കളിൽനിന്നു് കരിമ്പാറകളെ തള്ളിനീക്കുവാൻ, തിരുസാന്നിദ്ധ്യത്തിലേക്കു് അവരെ അടുപ്പിക്കുവാൻ എന്നെയും ഉപയോഗിക്കണമേ.

തുറന്ന പാറക്കുഴിയിലേക്ക് ജീവന്റെ നാഥൻ കുനി ഞ്ഞുനോക്കി. ചീഞ്ഞഴകി ദുർഗന്ധം വമിക്കുന്ന ജഡം. തൻെറ സ്നേഹിതനായ ലാസറിൻെറ ശരീരം. ദൈവത്തിന്റെ ജീവനുള്ള വചനം ജീവസ്വരത്തിൽ വിളിച്ചുപറഞ്ഞു.

"ലാസറെ! പുറത്തുവരിക" പാതാളത്തിന്റെ വാതിൽ സ്വയം തുറന്നു. ലാസറിൻെറ ആത്മാവു് ബദ്ധപ്പെട്ടു് ശരീരത്തിലേക്കു് ഓടിയെത്തി. ബന്ധിതനായി ശീലകളാൽ പൊതിയപ്പെട്ട ലാസർ ജീവിച്ചെഴുന്നററു നടന്നു പുറത്തു വന്നു. അത്ഭുതസ്തബ്ധരായിത്തീർന്ന ശിഷ്യഗണത്തോടു് യേശു തമ്പുരാൻ ആജ്ഞാപിക്കുകയാണു്:

"അവനെ അഴിച്ചുവിടൂ. അവൻ പോകട്ടെ" എന്നു്.

അതെ! അവനെ അഴിച്ചുവിടുവാൻ ഒരാൾ വേണം. ചീഞ്ഞഴകിയ ജഡത്തിനു ജീവൻ കൊടുത്തവനു് ആ ശരീരത്തിൻെറ ബന്ധനങ്ങളെ ഛേദിക്കുവാൻ മനുഷ്യരെ ആവശ്യമില്ലായിരുന്നു. അവിടെയും തൻെറ അടുത്തുനിന്ന വരെ താൻ ഉപയോഗിച്ചു.

ദൈവത്തിൽനിന്നു പാപംമൂലം അകന്നുപോയവരെ, തൻെറ തിരുസന്നിധിയിലേക്കു കൊണ്ടുവരുവാനും അവരുടെ പാപബന്ധനങ്ങളിൽനിന്നു സ്വാതന്ത്ര്യം കൊടുപ്പാനും തൻെറ കല്പന അനുസരിച്ചു പ്രവർത്തിപ്പാൻ ചിലരെ തനിക്കാവശ്യമാണു്. പാപികളെ അനുതാപത്തിലേക്കും, മാനസാന്തരത്തിലേക്കും തിരിപ്പിക്കുക. അവരുടെ ബന്ധനങ്ങളെ അഴിക്കുക. കർത്താവിൻെറ തിരുസന്നിധിയിൽ നില്പുവാൻ തൻെറ ജോലി ചെയ്യുവാൻ വിളിക്കപ്പെട്ടവരുടെ ജോലികളാണു് അവ. നേരിട്ടു പാപത്തെ മോചിപ്പാൻ ദൈവത്തിനു സാധിക്കുകയില്ലേയെന്നു് ചോദിക്കുന്നവരു

ണ്ടു്. തീർച്ചയായും സാധിക്കും. പാപിക്കു തന്റെ ആത്മീയ മരണത്തിൽനിന്നു് ഉത്ഥാനവും ജീവനും കൊടുക്കുന്നതു് ദൈവംതന്നെ. എന്നാൽ അവരെ അനുതാപത്തിലേക്കു കൊണ്ടുവന്നു് പുതിയജീവൻ സ്വീകരിപ്പാൻ തക്കവണ്ണം ഒരുക്കേണ്ടതും അവരുടെ ബന്ധനങ്ങളെ വി. കുമ്പസാരത്തിൽക്കൂടെ അഴിച്ചുകളയേണ്ടതും കർത്താവിന്റെ അടുത്തു നിന്നു ശുശ്രൂഷിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന വൈദികരുടെ ചുമതലയാണു്.

"കല്ലു മാററുവിൻ അഴിച്ചുവിടുവിൻ അവൻ പോകട്ടെ" ഇന്നും നമ്മുടെ കർത്താവു് കല്പിക്കുന്നു. ചീഞ്ഞഴുകിയ ആത്മാവിന്റെ കവാടത്തിൽ വന്നു നിന്നിട്ടു പറയുകയാണു്:

"കല്ലു മാററുവിൻ, അഴിച്ചുവിടുവിൻ".

ഞാൻ ഒരുങ്ങിയിരിക്കുന്നു. എന്റെ നാഥാ! ഞാൻ ഒരുങ്ങിയിരിക്കുന്നു. എന്റെ ആത്മാവിനെ ജീവിപ്പിക്കണമേ. എന്റെ പാപക്കുഴിയിൽനിന്നു് എന്നെ കരേററണമേ. അപ്പോൾ ഞാൻ എന്റെ ബന്ധനങ്ങളെ അഴിപ്പാനായി നിന്റെ സ്ഥാനപതിയായ പട്ടക്കാരന്റെ അടുത്തേക്കുപോകും. എന്റെ കെട്ടുകളെ മുഴുവനായി അദ്ദേഹത്തിനു കാണിച്ചുകൊടുക്കും. അങ്ങനെ എന്റെ പാപത്തിൽനിന്നു മോചനം പ്രാപിച്ചു് നിന്റെ വലതുഭാഗത്തിരിക്കും.

അന്നവർ നിനക്കായി ഒരുക്കിയ വിരുന്നിൽ ലാസർ നിന്റെ വലതുഭാഗത്തിരിക്കമാത്രം ചെയ്തു. പ്രസംഗിച്ചില്ല. സാക്ഷി പറഞ്ഞില്ല. മരണത്തിൽനിന്നു് ഉയിർത്തെഴുന്നേററു് നിന്റെ അടുത്തിരുന്നു. ആയിരമായിരങ്ങൾ അവനെ കണ്ടു.

എന്റെ നാഥാ! നിന്നെ വിശ്വസിച്ചു് അതുപോലെ നിന്റെ അടുത്തു് ഇരിക്കുന്നതിനു് എനിക്കു കഴിഞ്ഞെങ്കിൽ!

എൻെറ പാപമരണത്തിൽനിന്നു് ഉയിത്ത അനുഭവവു മായി ഞാൻ നിന്നോടുകൂടെ ജീവിക്കുന്നതു കാണുമ്പോൾ അനേകമാളുകൾ എന്നെക്കണ്ടു് നിന്നിൽ വിശ്വസിക്കും. അതെത്ര ഭാഗ്യകരമായ അനുഭവമാണു്.

എൻെറ യേശു നാഥാ! ഉയിർപ്പിൻെറപുതിയ അനുഭവം എനിക്കു തരണമേ. നിന്നോടുകൂടെ ചേന്നിരിക്കുന്ന ആ മഹാഭാഗ്യത്തിൽ എൻെറ അന്തരാത്മാവു് ആനന്ദിക്കുവാൻ തക്കവണ്ണം നീ എൻെറ അടുത്തേക്കു് വേഗം എഴുന്നെള്ളി വരണമേ.

ബഥാന്യയിലേക്ക്
ഒരു തിർത്ഥയാത്ര

By ആബോ യൂഹാനോൻ ഒ. ഐ. സി.

ബഥാന്യ! എത്ര സുമധുരമാണ് ആ നാമം. ദിവ്യസ്വപ്നങ്ങൾ അതിൻെറ മുഖവാതിലുകൾക്കുള്ളിൽ ഉറങ്ങിക്കിടക്കുന്നു. യേശുനാഥനെ സ്നേഹിക്കുന്നവർക്കു കുളിർമ്മയും, ചൈതന്യവും, ശാന്തിയും, ശക്തിയും അരുളുന്ന പ്രചോദന കേന്ദ്രമാണ് ബഥാന്യ. യേശുവിനോടൊപ്പം ബഥാന്യയിലേക്ക് ഒരു തീർത്ഥയാത്ര നടത്തുന്നതിൽ കവിഞ്ഞൊരാനന്ദം മറെറന്താണ്?.

ബഥാന്യ (ബഥനി) – ഒരു ചെറിയ ഗ്രാമമാണത്. വിശുദ്ധ നഗരമായ യരുശലേമിനെ നെറുകയിൽ വഹിക്കുന്ന സീയോൻകുന്നിനു കിഴക്കായി, കെദ്രോൻ താഴ്‌വരയ്ക്കും തോടിനുമപ്പുറം കാണുന്ന ഒലിവുമലയുടെ കിഴക്കെ ചെരുവിലാണ് ബഥാനി.

ആരുമാരുമറിയാതെ മധുരസ്വപ്നങ്ങളിൽ മയങ്ങിക്കിടന്ന ആ കൊച്ചുഗ്രാമം ഇത്രയേറെ പ്രശസ്തമാകാൻ കാരണമെന്തേ? അവിടെ ഒരു കൊച്ചുവീടുണ്ടായിരുന്നു. യേശു സ്നേഹിച്ച ഒരു വീട്— ലാസറിന്റെയും മാത്തയുടെയും മറിയയുടെയും വീട്. ആ വീടാണ് ബഥാന്യയെ പ്രശസ്തിയുടെ കൊട്ടമുടിയിൽ എത്തിച്ചത്.

ബഥാന്യയിലേക്ക് ഒരു തീർത്ഥയാത്ര

വില 2—00

Cover Printed at John Mathew Bros., Ktym